ശിർക്കിനെ

തകർക്കുന്ന ആയത്ത്

അബ്ദുൽ മുഹ്സിൻ ഐദീദ്

ആയത്തും അർഥവും

﴿قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِ ٱللَّهِ لَا يَمْلِكُونَ
مِثْقَالَ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ وَمَا لَهُمْ فِيهِمَا
مِن شِرْكٍ وَمَا لَهُۥ مِنْهُم مِّن ظَهِيرٍ ﴿٢٢﴾ وَلَا تَنفَعُ ٱلشَّفَٰعَةُ
عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ﴾ سبأ: ٢٢ - ٢٣

‘‘പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോട് നിങ്ങൾ പ്രാർഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ

പ്രയോജനപ്പെടുകയുമില്ല.'' (സബഅ്: 22-23)

പദാനുപദ അർഥം

قُلْ: പറയുക

ادْعُوا: വിളിക്കൂ/പ്രാർഥിക്കൂ

الَّذِينَ زَعَمْتُمْ: നിങ്ങൾ ജൽപ്പിച്ചവർ

مِنْ دُونِ اللَّهِ: അല്ലാഹുവിന് പുറമെയുള്ള

لَا يَمْلِكُونَ: അവർ ഉടമപ്പെടുത്തുന്നില്ല

مِثْقَالَ: തൂക്കം

ذَرَّةٍ: കറുത്ത ചെറിയ ഉറുമ്പ്/അണു

فِي السَّمَاوَاتِ: ആകാശങ്ങളിൽ

وَلَا فِي الْأَرْضِ: ഭൂമിയിലും

وَمَا لَهُمْ: അവർക്ക് ഇല്ല

فِيهِمَا: അവ രണ്ടിലും

مِنْ شِرْكٍ: ഒരു പങ്കും

وَمَا لَهُ: അവന് ഇല്ല

مِنْهُمْ: അവരിൽ നിന്ന്

مِنْ ظَهِيرٍ: ഒരു സഹായിയും

وَلَا تَنْفَعُ: ഉപകാരപ്പെടുകയില്ല

الشَّفَاعَةُ: ശുപാർശ

عِنْدَهُ: അവന്റെ അടുക്കൽ

إِلَّا: ഒഴികെ

لِمَنْ أَذِنَ لَهُ: അവൻ അനുമതി നൽകിയവന്

ചുരുക്കവിശദീകരണം

അഞ്ച് വാചകങ്ങളാണ് ഈ ആയത്തിലുള്ളത്:

﴿قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِ ٱللَّهِ﴾

01. പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോട് നിങ്ങൾ പ്രാർഥിച്ച് നോക്കുക.

﴿لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ﴾

02. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല.

﴿وَمَا لَهُمْ فِيهِمَا مِن شِرْكٍ﴾

03. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല.

﴿وَمَا لَهُۥ مِنْهُم مِّن ظَهِيرٍ﴾

04. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.

﴿وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ﴾

05. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.

ആയത്തിന്റെ പ്രാധാന്യം

ഇബ്നുൽ ഖയ്യിം – ː – പറഞ്ഞു: ''മുശ്‌രിക്കുകൾ തങ്ങളുടെ ശിർക്കിൽ കടിച്ചു തൂങ്ങാൻ ഉന്നയിക്കാറുള്ള എല്ലാ കാരണങ്ങളുടെയും അടിവേര് ഈ ആയത്തിലൂടെ അല്ലാഹു മുറിച്ചു കളഞ്ഞിരിക്കുന്നു. ഈ ആയത്തിനെ കുറിച്ച് ചിന്തിക്കുകയും, അത് മനസ്സിലാക്കുകയും ചെയ്തവർക്ക് അല്ലാഹുവിന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവരുടെ ഉപമ എട്ടുകാലി വല പോലെയാണെന്ന് ബോധ്യപ്പെടും.''

ശൈഖ് സുലൈമാൻ ബ്നു അബ്ദില്ലാഹ് – ː – പറഞ്ഞു: ''ഈ ആയത്തിനെ കുറിച്ചാണ് ചില പണ്ഡിതന്മാർ പറഞ്ഞത്: 'ഇത് മുശ്‌രികിന്റെ മനസ്സിൽ അള്ളിപ്പിടിച്ചിട്ടുള്ള ശിർക്കാകുന്ന വൃക്ഷത്തിന്റെ അടിവേരുകൾ ഹൃദയത്തിൽ നിന്ന് അറുത്തു കളയുന്ന ആയത്താണ്.'' (തയ്സീറുൽ അസീസിൽ ഹമീദ്: 245)

ശൈഖ് നാസ്വിർ അസ്സഅ്ദി – ː – പറഞ്ഞു: ''ഇത് മുശ്‌രിക്കിന്റെ ശിർക്കുമായുള്ള എല്ലാ ബന്ധങ്ങളെയും മുറിച്ചു കളഞ്ഞിരിക്കുന്നു. അവയുടെയെല്ലാം നിരർഥകത ബോധ്യപ്പെടുത്തുകയും, അതിന്റെ അടിവേരുകൾ പിഴുതെറിയുകയും ചെയ്തിരിക്കുന്നു.'' (തഫ്സീറുസ്സഅ്ദി: 678)

ആയത്തിന്റെ വിശദീകരണം

ഈ ആയത്തുകളിൽ അഞ്ചു വാചകങ്ങളാണ് ഉള്ളതെന്ന് മുൻപ് പറയുകയുണ്ടായി. ഓരോ വാചകങ്ങളായി നമുക്ക് വിശദീകരിക്കാം.

1– പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചു കൊണ്ടിരിക്കുന്നവരോട് നിങ്ങൾ പ്രാർഥിച്ച് നോക്കുക.

നബി –ﷺ– യോടുള്ള കൽപ്പനയാണിത്. മക്കയിലെ മുശ്രിക്കുകളോട് ചോദിക്കേണ്ട സുപ്രധാനമായ ഒരു ചോദ്യമാണ് ആയത്തിൽ പരാമർശിക്കപ്പെടുന്നത്. ഈ ചോദ്യത്തിലൂടെ അവർ നിലകൊള്ളുന്ന ശിർക്കിന്റെ നിരർഥകതയും, അവരുടെ ആരാധ്യന്മാരുടെ നിരർഥകതയും –ചിന്തിക്കുകയാണെങ്കിൽ– അവർക്ക് ബോധ്യപ്പെടും.

'നിങ്ങൾ ജൽപ്പിച്ചു കൊണ്ടിരിക്കുന്നവർ' എന്നത് കൊണ്ടുള്ള ഉദ്ദേശം മുശ്രിക്കുകളുടെ ആരാധ്യന്മാരാണ്. അവർ അല്ലാഹുവിന് പുറമെയുള്ള ഇലാഹുകൾ –ആരാധ്യന്മാർ– ആണെന്നായിരുന്നല്ലോ അവരുടെ ജൽപ്പനം.

മക്കയെ ബാധിച്ച വരൾച്ചയുടെ കാലഘട്ടത്തിലാണ് ഈ ആയത്ത് അവതരിച്ചത്; അല്ലാഹു നിങ്ങൾക്ക് പരീക്ഷണമായി ഇറക്കിയ ഈ വരൾച്ചയിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ നിങ്ങളുടെ ആരാധ്യന്മാർക്ക് കഴിയുമോ എന്ന് പരിശോധിച്ചു നോക്കുവാൻ മുശ്രിക്കുകളോടുള്ള വെല്ലുവിളിയാണ് ഈ ആയത്തിലുള്ളത് എന്നൊരു അഭിപ്രായമുണ്ട്.

മുശ്രിക്കുകളുടെ ആരാധ്യന്മാരെ കുറിച്ച് ചെറുതായൊന്ന് ഇത്തരുണത്തിൽ സൂചിപ്പിക്കട്ടെ. ചിലർ തെറ്റിദ്ധരിപ്പിക്കാറുള്ളത് പോലെ; മുശ്രിക്കുകൾ വിഗ്രഹങ്ങളെയും കല്ലുകളെയും മരങ്ങളെയും മാത്രമായിരുന്നില്ല ആരാധിച്ചിരുന്നത്.

'ഞങ്ങൾ വിഗ്രഹത്തെ ആരാധിക്കുന്നില്ല; നബിമാരെയും ഔലിയാക്കന്മാരെയുമാണ് ഞങ്ങൾ വിളിച്ചു പ്രാർഥിക്കുന്നത്; എന്നാൽ മക്കയിലെ മുശ്രിക്കുകൾ ആരാധിച്ചിരുന്നത് വിഗ്രഹങ്ങളെയാണ്' എന്ന് പറയുന്ന ഇത്തരക്കാരുടെ ഉദ്ദേശം തങ്ങളുടെ ശിർക്കിനെ ന്യായീകരിക്കൽ മാത്രമാണ്.

മക്കയിലെ മുശ്രിക്കുകൾ വിഗ്രഹങ്ങളെയും, കല്ലിനെയും, മരത്തിനെയും, നബിമാരെയും, സ്വാലിഹീങ്ങളെയും, മലക്കുകളെയും ജിന്നുകളെയുമെല്ലാം ആരാധിച്ചിരുന്നു.

അവർ കല്ലുകളെയും വിഗ്രഹങ്ങളെയും ആരാധിച്ചിരുന്നു എന്നതിനുള്ള തെളിവ് ഖുർആനിലെ ആയത്താണ്:

﴿ أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ١٩ وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰ ٢٠ ﴾ النجم: ١٩ - ٢٠

''**ലാത്ത**യെയും **ഉസ്സ**യെയും നീ കണ്ടില്ലേ? മൂന്നാമനായ **മനാത്ത**യെയും'' (അന്നജ്മ്: 19-20)

ലാതയും ഉസ്സയും മനാതയുമെല്ലാം മക്കാമുശ്രിക്കുകളുടെ പ്രധാനവിഗ്രഹങ്ങളായിരുന്നു.

മുശ്രിക്കുകൾ മരങ്ങളെ ആരാധിച്ചിരുന്നു എന്നതിനുള്ള തെളിവ് നബി-ﷺ-യുടെ ഹദീഥാണ്.

عَنْ أَبِي وَاقِدٍ اللَّيْثِي قَالَ: خَرَجْنَا مَعَ رَسُولِ اللَّهِ -ﷺ- إِلَى حُنَيْنٍ، وَنَحْنُ حُدَثَاءُ عَهْدٍ بِكُفْرٍ، وَلِلْمُشْرِكِينَ سِدْرَةٌ يَعْكِفُونَ عِنْدَهَا، وَيُنَوِّطُونَ بِهَا أَسْلِحَتَهُمْ، يُقَالُ لَهَا: ذَاتُ أَنْوَاطٍ، فَمَرَرْنَا بِسِدْرَةٍ، فَقُلْنَا: يَا رَسُولَ اللَّهِ اجْعَلْ لَنَا ذَاتُ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ، فَقَالَ رَسُولُ اللَّهِ -

ﷺ-: «اللَّهُ أَكْبَرُ! إِنَّهَا السُّنَنُ، قُلْتُمْ -وَالَّذِي نَفْسِي بِيَدِهِ- كَمَا قَالَتْ بَنُو إِسْرَائِيلُ لِمُوسَى: «اجْعَلْ لَنَا إِلَهاً كَمَا لَهُمْ آلِهَةٌ» قَالَ: «إِنَّكُمْ قَوْمٌ تَجْهَلُونَ، لَتَرْكَبُنَّ سَنَنَ مَنْ كَانَ قَبْلَكُمْ»

അബൂ വാഖിദ് അല്ലയ്ഥി നിവേദനം: ഞങ്ങൾ നബി -ج- യോടൊപ്പം ഹുനൈനിലേക്ക് (യുദ്ധത്തിന് വേണ്ടി) പുറപ്പെട്ടു. പുതുതായി ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു ഞങ്ങളി(ൽ ബഹുഭൂരിപക്ഷവും).

ദാതു അൻവാത്വ് എന്ന് പേര് വിളിക്കപ്പെട്ടിരുന്ന; മുഷ്‌രിക്കുകൾ ഭജനമിരിക്കുകയും, (ബറകത്ത് എടുക്കുന്നതിന് വേണ്ടി) തങ്ങളുടെ വാളുകൾ തൂക്കിയിടുകയും ചെയ്തിരുന്ന ഒരു വൃക്ഷമുണ്ടായിരുന്നു.

(യാത്രക്കിടയിൽ) ഒരു വൃക്ഷത്തിന് അരികിലൂടെ നടന്നു പോയപ്പോൾ ഞങ്ങൾ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ! മുഷ്‌രിക്കുകൾക്ക് ഒരു ദാതു അൻവാത്വ് ഉള്ളത് പോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത്വ് നിശ്ചയിച്ചു തരിക.''

അപ്പോൾ നബി -ج- പറഞ്ഞു: ''അല്ലാഹു അക്ബർ (അല്ലാഹുവാണ് വലിയവൻ). ഇത് മുൻകാലക്കാരുടെ ചര്യ തന്നെ! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! ഇസ്രാഈൽ സന്തതികൾ മൂസ -÷- യോട് ''അവർക്ക് (മുഷ്‌രിക്കുകൾക്ക്) ഒരു ഇലാഹുള്ളത് പോലെ ഞങ്ങൾക്കും ഒരു ഇലാഹിനെ നിശ്ചയിച്ചു തരിക'' എന്ന് പറഞ്ഞത് പോലെ തന്നെയാണ് നിങ്ങളും ഇപ്പോൾ പറഞ്ഞിരിക്കുന്നത്.

ശേഷം അവിടുന്ന് പറഞ്ഞു: ''നിങ്ങൾ അറിവില്ലാത്ത ഒരു

സമൂഹമാകുന്നു. മുൻഗാമികളുടെ ചര്യ നിങ്ങൾ പിന്തുടരുക തന്നെ ചെയ്യും.''

മുശ്‌രിക്കുകൾ ദാതു അൻവാത്വ് എന്നു പേരുള്ള മരത്തിൽ തങ്ങളുടെ വാളുകൾ തൂക്കിയിട്ട് അനുഗ്രഹം തേടാറുണ്ടായിരുന്നു. അതു പോലെ ഞങ്ങൾക്കും 'ബറകതെടുക്കാൻ' –അനുഗ്രഹം തേടാൻ– ഒരു മരം നിശ്ചയിച്ചു നൽകണമെന്നാണ് സ്വഹാബികളിൽ ചിലർ ആവശ്യപ്പെട്ടത്. അവരുടെ ആവശ്യത്തെ മൂസ– ÷ –യുടെ സമൂഹമായ ഇസ്രാഈല്യർ അല്ലാഹുവിന് പുറമെ ഒരു ആരാധ്യനെ ആവശ്യപ്പെട്ടതിനോടാണ് നബി –ج– ഉപമിച്ചത്.

ഈ ഹദീഥിൽ അനേകം പാഠങ്ങളുണ്ട്; അതിലൊന്ന് മുശ്‌രിക്കുകൾ മരങ്ങളെ ആരാധ്യന്മാരാക്കിയിരുന്നു എന്ന ചരിത്ര പാഠമാണ്.

കാഫിറുകൾ നബിമാരെ വിളിച്ച് പ്രാർഥിച്ചിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ആയത്താണ്:

﴿وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴿١١٦﴾ مَا قُلْتُ لَهُمْ إِلَّا مَآ أَمَرْتَنِى بِهِۦٓ أَنِ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ﴾ المائدة: ١١٦ – ١١٧

''അല്ലാഹു പറയുന്ന സന്ദർഭം: 'ഹേ ഈസ ബ്നു മർയം!

---

[1] തിർമിദി: 2181, ശൈഖ് അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.

എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിന് പുറമെ യുള്ള രണ്ട് ഇലാഹുകളായി സ്വീകരിച്ചു കൊള്ളുക എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?' അദ്ദേഹം പറയും: 'നീ എത്ര പരിശുദ്ധൻ (സുബ്ഹാനല്ലാഹ്). എനിക്ക് അർഹതയി ല്ലാത്തത് പറയുക എന്നത് എനിക്ക് അനുവദനീയമല്ല. ഞാ ൻ അപ്രകാരം പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അ ത് അറിഞ്ഞിട്ടുണ്ട്. എന്റെ മനസ്സിലുള്ളത് നിനക്ക് അറിയാം; എന്നാൽ നിന്റേത് എനിക്ക് അറിയാൻ കഴിയില്ല. തീർച്ചയാ യും നീ അദൃശ്യങ്ങൾ അറിയുന്നവനാണ്. നീ എന്നോട് ക ൽപ്പിച്ചതല്ലാത്ത ഒന്നും –എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവിന് ഇബാദത്ത് ചെയ്യൂ എന്നതല്ലാതെ ഒന്നും– ഞാ ൻ അവരോട് പറഞ്ഞിട്ടില്ല.'' (മാഇദ: 116–117)

ഈസ– ÷ –യെ ആരാധിച്ചിരുന്ന നസ്റാനികളെ സംബ ന്ധിച്ച് അദ്ദേഹത്തോട് അല്ലാഹു പരലോകത്ത് വെച്ചു ചോദി ക്കുന്ന അദ്ദേഹത്തിന്റെ ചോദ്യവും, അതിന് ഈസ– ÷ –യു ടെ ഉത്തരവുമാണ് ഈ ആയത്തിലുള്ളത്. മുശ്രിക്കുകളിൽ പെട്ട ചിലർ നബിമാരെ ആരാധിച്ചിരുന്നുവെന്നതിന് ഈ സം ഭവം തെളിവാണ്.

ഈസ ബ്നു മർയമിന് സംഭവിച്ചത് പോലെ തനിക്കും സം ഭവിക്കുമോ എന്ന് നബി –ج– വളരെയധികം ഭയപ്പെട്ടിരുന്നു.

عَنْ عُمَرَ -رَضِيَ اللَّهُ عَنْهُ-: سَمِعْتُ النَّبِيَّ -ﷺ- يَقُولُ: **«لاَ تُطْرُونِي، كَمَا أَطْرَتْ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا عَبْدُ اللَّهِ، وَرَسُولُهُ»**

ഉമർ -س- നിവേദനം: നബി -ج- പറയുന്നത് ഞാൻ കേട്ടു: ''നസ്വാറാക്കൾ ഈസ ബ്നു മർയമിനെ പുകഴ്ത്തിയതു പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. (മുഹമ്മദ് -ج-) അ

ല്ലാഹുവിന്റെ അടിമയും, റസൂലുമാണെന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക.'' (ബുഖാരി: 3445)

തന്റെ ഖബറിടത്തെ ഒരു വിഗ്രഹമാക്കി തീർക്കുന്നവർ പിൽക്കാലത്ത് ഉണ്ടാകുമോ എന്ന് അവിടുന്ന് ശക്തമായി ഭയപ്പെട്ടു; അത് സംഭവിക്കാതിരിക്കാൻ ആത്മാർഥമായി പ്രാർഥിച്ചു.

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ- عَنِ النَّبِيِّ -ﷺ-: «**اللهُمَّ لَا تَجْعَلْ قَبْرِي وَثَنًا، لَعَنَ اللَّهُ قَوْمًا اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ**»

അബൂ ഹുറൈറ -س- നിവേദനം: നബി -ج- പറഞ്ഞു: ''അല്ലാഹുവേ! എന്റെ ഖബറിനെ നീ ഒരു **വിഗ്രഹമാക്കരുതേ.** തങ്ങളുടെ നബിമാരുടെ ഖബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കിയവരെ അല്ലാഹു ശപിക്കട്ടെ.'' (അഹ്മദ്: 7358)

സ്വാലീഹീങ്ങൾക്ക് –സച്ചരിതരായ ജനങ്ങൾ– അവർ ഇബാദത്ത് ചെയ്തിരുന്നു എന്നതിന് തെളിവ് അല്ലാഹുവിന്റെ ആയത്താണ്:

﴿ قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِۦ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾ أُولَٰٓئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ﴾الإسراء: ٥٦ - ٥٧

''അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപ്പിച്ച (പങ്കാളികളെ) നിങ്ങൾ വിളിക്കുക. നിങ്ങളിൽ നിന്ന് ഒരു ഉപദ്രവം നീക്കാനോ മാറ്റിത്തരാനോ അവർക്ക് സാധിക്കുകയില്ല. അവർ തന്നെയും തങ്ങളുടെ റബ്ബിനോട് ദുആഅ് ചെയ്തു കൊണ്ടിരിക്കുകയും, അവങ്കലേക്ക് (സൽകർമ്മങ്ങൾ കൊണ്ട്) സാമീ

പ്യം തേടിക്കൊണ്ടിരിക്കുകയുമാണ്. അവരിലാരാണ് ഏറ്റവും അല്ലാഹുവോട് അടുത്തത് എന്ന് (അറിയുന്നതിന് വേണ്ടി). **അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷുന്നവരും, ശിക്ഷയെ ഭയക്കുന്നവരുമാണ് അവർ.**'' (ഇസ്റാഅ്: 56–57)

ആയത്തിന്റെ അവസാനത്തിൽ പറഞ്ഞതു പോലെ; 'അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷുന്നവരും, ശിക്ഷയെ ഭയക്കുന്നവരുമാണ്' മുശ്രിക്കുകൾ ആരാധിച്ചിരുന്നവരിൽ ചിലർ; അവർ തന്നെ അല്ലാഹുവിനാണ് ആരാധനകൾ സമർപ്പിക്കുന്നതെങ്കിൽ നിങ്ങളും അപ്രകാരം തന്നെ ചെയ്യുക എന്ന സൂചനയും ഈ ആയത്തിലുണ്ട്.

സ്വാലിഹീങ്ങളെ ആരാധിച്ചവരായിരുന്നു മുശ്രിക്കുകളും, പിഴച്ചവരായ യഹൂദ–നസ്വാറാക്കളും എന്നതിന് നബി–ﷺ–യുടെ ഹദീഥും തെളിവാണ്.

عَنْ جُنْدَبٍ -رَضِيَ اللَّهُ عَنْهُ-، قَالَ: سَمِعْتُ النَّبِيَّ -ﷺ- قَبْلَ أَنْ يَمُوتَ بِخَمْسٍ، وَهُوَ يَقُولُ: «... أَلَا وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدَ، أَلَا فَلَا تَتَّخِذُوا الْقُبُورَ مَسَاجِدَ، إِنِّي أَنْهَاكُمْ عَنْ ذَلِكَ»

ജുൻദുബ് -رضي الله عنه- നിവേദനം: നബി -ﷺ- മരണപ്പെടുന്നതിന് അഞ്ച് ദിവസങ്ങൾക്ക് മുൻപ് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ''... അറിയുക! നിങ്ങൾക്ക് മുൻപുള്ളവർ അവരിലെ **നബിമാരുടെയും സ്വാലിഹീങ്ങളുടെയും ഖബറുകളെ ആരാധനാ കേന്ദ്രങ്ങൾ ആക്കാറുണ്ടായിരുന്നു.** അറിയുക! നിങ്ങൾ ഖബറുകളെ മസ്ജിദുകൾ ആക്കരുത്. ഞാൻ നിങ്ങളെ അതിൽ നിന്ന് വിലക്കുന്നു.'' (മുസ്ലിം: 532)

മക്കയിലെ മുശ്‌രിക്കുകൾ മലക്കുകൾക്ക് ഇബാദത്ത് സമർപ്പിച്ചിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ആയത്താണ്:

﴿وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰٓئِكَةِ أَهَٰٓؤُلَآءِ إِيَّاكُمْ كَانُوا۟ يَعْبُدُونَ ۝٤٠ قَالُوا۟ سُبْحَٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا۟ يَعْبُدُونَ ٱلْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ۝٤١﴾ سبأ: ٤٠ - ٤١

''അവരെ അല്ലാഹു ഒരുമിച്ചു കൂട്ടുന്ന ദിവസം. മലക്കുകളോട് അവൻ ചോദിക്കും: ''**നിങ്ങൾക്ക് തന്നെയാണോ ഇവർ ഇബാദത്ത് ചെയ്തിരുന്നത്?**'' അവർ പറയും: ''നീ എത്ര പരിശുദ്ധൻ (സുബ്ഹാനല്ലാഹ്). നീയാണ് ഞങ്ങളുടെ വലിയ്യ് (രക്ഷാധികാരി); അവരല്ല. പക്ഷേ, അവർ ഇബാദത്ത് ചെയ്തിരുന്നത് ജിന്നുകളെയായിരുന്നു. അവരിൽ ബഹുഭൂരിപക്ഷവും (ജിന്നുകളിൽ) വിശ്വാസമുള്ളവരാകുന്നു.'' (സബഅ്: 40–41)

ജിന്നുകളെ അവർ ആരാധിച്ചിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ആയത്താണ്:

﴿وَأَنَّهُۥ كَانَ رِجَالٌ مِّنَ ٱلْإِنسِ يَعُوذُونَ بِرِجَالٍ مِّنَ ٱلْجِنِّ فَزَادُوهُمْ رَهَقًا ۝٦﴾ الجن: ٦

''മനുഷ്യരിൽപെട്ട ചില വ്യക്തികൾ **ജിന്നുകളിൽ പെട്ട വ്യക്തികളോട് ശരണം തേടാറുണ്ടായിരുന്നു**. അങ്ങനെ അത വർക്ക് (ജിന്നുകൾക്ക്) ഗർവ്വ് വർദ്ധിപ്പിച്ചു.'' (ജിന്ന്: 6)

ചുരുക്കത്തിൽ, മക്കയിലെ മുശ്‌രിക്കുകൾ വ്യത്യസ്തങ്ങളായ ആരാധ്യന്മാരെ സ്വീകരിച്ചവരായിരുന്നു. അവരെല്ലാവരും വിഗ്രഹങ്ങളെ മാത്രം ആരാധിച്ചവരായിരുന്നില്ല. ചിലർ നബിമാരെ –ഇബ്രാഹീമിനെയും ഇസ്മാഈലിനെയുമെല്ലാം– ആ

രാധിച്ചിരുന്നവരായിരുന്നു.

ഇസ്ലാമിലുള്ളവരാണ് തങ്ങളുമെന്ന് മേനി പറയുന്നവർ ഇ ക്കാര്യം ഗൗരവത്തിൽ ചിന്തിക്കേണ്ടതുണ്ട്. മക്കയിലെ മുശ് രിക്കുകളിൽ ഇബ്രാഹീം നബിയെയും ഇസ്മാഈൽ നബി യെയും ആരാധിച്ചിരുന്നവരെ ഒഴിവാക്കി, വിഗ്രഹങ്ങളെയും മരത്തെയും ആരാധിക്കുന്നവരെ മാത്രമല്ല നബി -ﷺ- കാ ഫിറുകൾ എന്ന് വിളിച്ചത്; അവരോട് മാത്രമല്ല അവിടുന്ന് യുദ്ധം ചെയ്തത്. മറിച്ച്, രണ്ട് വിഭാഗത്തെയും -വിഗ്രഹ ത്തെ ആരാധിച്ചവരെയും നബിമാരെ ആരാധിച്ചവരെയും- ഒരു പോലെയാണ് അവിടുന്ന് പരിഗണിച്ചത്.

മുത്ത് നബിയെ സ്നേഹിക്കുന്നവരാണ് ഞങ്ങളെന്നും, അ ത് കൊണ്ടാണ് 'യാ റസൂലല്ലാഹ്' എന്ന് തൊണ്ട പൊട്ടി വി ളിച്ച് ഞങ്ങൾ അവിടുത്തോട് പ്രാർഥിച്ചു കൊണ്ടിരിക്കുന്ന തെന്നും പറയുന്നവർ ഇക്കാര്യത്തെ കുറിച്ച് ഗൗരവത്തിൽ ചി ന്തിക്കുകയും, തങ്ങളുടെ വിശ്വാസം ശരിപ്പെടുത്താൻ -മര ണത്തിന് മുൻപ്- ആത്മാർഥമായി പരിശ്രമിക്കുകയും ചെ യ്യേണ്ടതുണ്ട്.

മുശ്രിക്കുകൾ വിളിച്ചു പ്രാർഥിച്ചിരുന്ന ചില കാര്യങ്ങളെ കുറിച്ചാണ് മേലെ സൂചിപ്പിച്ചത്. ഇവരെയെല്ലാം ഉദ്ദേശിച്ചു കൊണ്ടാണ് അല്ലാഹു പറഞ്ഞത്:

﴿قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِ ٱللَّهِ﴾

'പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടി രിക്കുന്നവരോട് നിങ്ങൾ പ്രാർഥിച്ച് നോക്കുക.'

'ഇവരെയെല്ലാം നിങ്ങൾ വിളിച്ചു നോക്കൂ. അവർക്കൊന്നും നിങ്ങളെ സഹായിക്കാനാകില്ല. അവർക്കെന്തിനെങ്കിലും കഴിയുമെങ്കിൽ അവർ നിങ്ങളുടെ വിളിക്കുത്തരം നൽകുമോ

എന്ന് നോക്കൂ. അവർ ഉത്തരം നൽകുന്നില്ലെങ്കിൽ നിങ്ങൾ മനസ്സിലാക്കുക: ഇവർക്കൊന്നും യാതൊരു കഴിവുമില്ല.' ഇതാണ് ആദ്യത്തെ വാചകം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

വല്ലാഹു അഅ്ലം.

2– ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല.

ഈ പ്രപഞ്ചത്തിലുള്ള ഒരു വസ്തുവും നമ്മൾ നിർമ്മിച്ചതല്ല. എല്ലാം സൃഷ്ടിച്ചവൻ അല്ലാഹുവാണ്. ഇവിടെയുള്ള ഒന്നിലും നമുക്ക് പരിപൂർണമായ അധികാരമില്ല. നമ്മുടെ അധീനപരിതിയിലുള്ളവയെല്ലാം –വീടോ ഭാര്യയോ മക്കളോ കാറോ ഭൂമിയോ മറ്റെന്തുമോ ആകട്ടെ–; അവയെല്ലാം ഒന്നല്ലെങ്കിൽ നമ്മെ വിട്ടുപോകും. ചിലപ്പോൾ ആർക്കെങ്കിലും നാം സമ്മാനമായി നൽകും; മറ്റു ചിലപ്പോൾ നമ്മുടെ കയ്യിൽ നിന്ന് മോഷണം പോയേക്കാം; അതുമല്ലെങ്കിൽ നമ്മൾ തന്നെ മറ്റൊരാൾക്ക് വിൽക്കുകയും ചെയ്തേക്കാം.

ഇനി അതുമല്ലെങ്കിൽ നമ്മുടെ അധീനതയിലുണ്ടെന്ന് നാം മേനി നടിക്കുന്ന ഇവയെല്ലാം വിട്ടേച്ച് നമ്മൾ പോയേക്കാം; മരണം നമ്മെ പിടികൂടിയേക്കാം. അന്നു മുതൽ അതിന്റെ ഉടമസ്ഥർ നമ്മളല്ലാതായി മാറി.

ചുരുക്കത്തിൽ; ഒന്നല്ലെങ്കിൽ അധികാരം നമ്മെ വിട്ടേച്ചു പോകും; അല്ലെങ്കിൽ നമ്മൾ അതിനെ വിട്ടേച്ച് പോകും. ഒന്നിന്റെയും മേൽ പരിപൂർണമായ അധികാരം നമുക്കില്ല.

സകലസൃഷ്ടികളുടെയും അവസ്ഥ ഇതു തന്നെ. ആദമാകട്ടെ – ÷ –, നൂഹാകട്ടെ – ÷ –, മൂസയോ – ÷ – –യേശുവെന്ന് നസ്റാനികൾ വിളിക്കാറുള്ള ഈസയോ – ÷ – ആകട്ടെ. അന്തിമ റസൂലായ മുഹമ്മദ് നബി –ج– തന്നെയുമോ ആകട്ടെ; മുസ്ലിംകളെന്ന് മേനി നടിക്കുന്ന ചിലരെല്ലാം വിളിച്ചു പ്രാർഥിക്കുകയും നേർച്ചകൾ നേരുകയും ചെയ്യാറുള്ള മുഹ്യുദ്ധീൻ ശൈഖോ, മമ്പുറത്തെ തങ്ങളോ, ബദ്രീങ്ങളോ ആകട്ടെ; എല്ലാവരും ഒന്നും അധീനപ്പെടുത്താത്തവരാണ്.

അവരുടെ അധീനതയില്ലാത്തത് എങ്ങനെ അവർക്ക് നൽ

കാൻ കഴിയും?

നിങ്ങൾ മുട്ടിപ്പായി ചോദിച്ചാലും, കരഞ്ഞു കലങ്ങിയ കണ്ണുകളുമായി യാചിച്ചാലും, ആയിരങ്ങൾ നേർച്ച നേർന്നാലും; അവരുടെ കൈകളിൽ ഇല്ലാത്തത് അവർക്ക് എങ്ങനെ നൽകാൻ കഴിയും?!

ഇത് കൊണ്ട് തന്നെയാകാം; അല്ലാഹു - ـ - ഖുർആനിൽ പലയിടങ്ങളിലും തന്റെ അധികാരത്തിന്റെ പൂർണതയും, അവന് പുറമെ ആരാധിക്കപ്പെടുന്നവ ഒന്നും അധീനപ്പെടുത്തിയിട്ടില്ലെന്നതും ഓർമ്മപ്പെടുത്തിയത്.

എല്ലാ നിസ്കാരങ്ങളിലും അല്ലാഹുവിന്റെ അധികാരത്തിന്റെ പൂർണത ഓർമ്മപ്പെടുത്തിയതിന് ശേഷം അവന് മാത്രമേ ഇബാദത്തുകൾ -ആരാധനകൾ- സമർപ്പിക്കുകയുള്ളൂ എന്ന് സൂറ. ഫാത്തിഹയിൽ നാം പ്രഖ്യാപിക്കുന്നു.

അല്ലാഹു - ـ - പറഞ്ഞു:

﴿مَٰلِكِ يَوۡمِ ٱلدِّينِ ۝٤ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ۝٥﴾ الفاتحة: ٤ - ٥

“പ്രതിഫല ദിവസത്തിന്റെ **ഉടമസ്ഥൻ**. നിന്നെ മാത്രം ഞങ്ങൾ **ആരാധിക്കുന്നു**. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.” (ഫാതിഹ: 4-5)

ഉപജീവനം ഉടമപ്പെടുത്തിയിരിക്കുന്നത് അല്ലാഹു മാത്രമാണെന്നും, അല്ലാഹുവിന് പുറമെയുള്ള ആരുടെ പക്കലും ഒരുപജീവനവുമില്ലെന്നും സ്ഥിരപ്പെടുത്തിയതിന് ശേഷം, അല്ലാഹുവിന് ഇബാദത് ചെയ്യുവാൻ അവൻ ചില ആയത്തുകളിൽ കൽപ്പിച്ചിരിക്കുന്നു.

അല്ലാഹു - ـ - പറഞ്ഞു:

﴿ إِنَّ ٱلَّذِينَ تَعۡبُدُونَ مِن دُونِ ٱللَّهِ لَا يَمۡلِكُونَ لَكُمۡ رِزۡقٗا فَٱبۡتَغُواْ عِندَ ٱللَّهِ ٱلرِّزۡقَ وَٱعۡبُدُوهُ وَٱشۡكُرُواْ لَهُۥٓۖ إِلَيۡهِ تُرۡجَعُونَ ۝١٧ ﴾ العنكبوت: ١٧

''നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം **അധീനമാക്കുന്നില്ല.** അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും **അവനെ ആരാധിക്കുകയും** അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.'' (അൻകബൂത്: 17)

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർ ഒരുപകാരമോ ഉപദ്രവമോ ഉടമപ്പെടുത്തുന്നവരല്ലെന്ന് ഒന്നിലധികം ആയത്തുകളിൽ അല്ലാഹു ഓർമ്മപ്പെടുത്തിയിരിക്കുന്നു.

അല്ലാഹു – ـ – പറഞ്ഞു:

﴿ قُلۡ أَتَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَمۡلِكُ لَكُمۡ ضَرّٗا وَلَا نَفۡعٗاۚ وَٱللَّهُ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ۝٧٦ ﴾ المائدة: ٧٦

''പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ **ഉടമപ്പെടുത്തിയിട്ടില്ലാത്ത** വസ്തുക്കളെയാണോ നിങ്ങൾ **ആരാധിക്കുന്നത്**? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.'' (മാഇദ: 76)

അല്ലാഹു – ـ – പറഞ്ഞു:

﴿ قُلْ مَن رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ قُلِ ٱللَّهُ ۚ قُلْ أَفَٱتَّخَذْتُم مِّن دُونِهِۦٓ أَوْلِيَآءَ لَا يَمْلِكُونَ لِأَنفُسِهِمْ نَفْعًا وَلَا ضَرًّا ﴾ الرعد: ١٦

''ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ഉടമപ്പെടുത്തിയിട്ടില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ?'' (റഅ്ദ്: 16)

അല്ലാഹു – ـ – പറഞ്ഞു:

﴿ وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَمْلِكُ لَهُمْ رِزْقًا مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ شَيْـًٔا وَلَا يَسْتَطِيعُونَ ﴿٧٣﴾ ﴾ النحل: ٧٣

''ആകാശങ്ങളിൽ നിന്നോ ഭൂമിയിൽ നിന്നോ അവർക്ക് വേണ്ടി യാതൊരു ഭക്ഷണവും അധീനപ്പെടുത്തികൊടുക്കാത്തവരും, (യാതൊന്നിനും) കഴിയാത്തവരുമായിട്ടുള്ളവരെയാണ് അല്ലാഹുവിന് പുറമെ അവർ ആരാധിക്കുന്നത്.'' (നഹ്ൽ: 73)

ഈ ആയത്തുകളിലെല്ലാം ഒരു പോലെ അല്ലാഹുവിന് മാത്രമാണ് പൂർണമായ അധികാരമുള്ളതെന്നും, മറ്റാരും –അത് നബിയാകട്ടെ, മലക്കാകട്ടെ, ജിന്നോ ഔലിയയോ ആകട്ടെ; ആരായാലും– അവർക്കൊന്നും യാതൊരു അധികാരവുമില്ലെന്നും അല്ലാഹു – ـ – വ്യക്തമാക്കിയിരിക്കുന്നു.

ഒന്നിന്റെയും മേൽ ഒരു അധികാരവുമില്ലാത്തവനോട് എന്തു ചോദിച്ചിട്ടും ഒരു കാര്യവുമില്ല. ആ ചോദ്യങ്ങളെല്ലാം വെള്ളത്തിൽ വരച്ച വര പോലെയായിരിക്കും. യാതൊരു ഉപ

കാരവും അവ കൊണ്ടുണ്ടായിരിക്കുകയില്ല. എന്നാൽ ഉപദ്ര വങ്ങളോ?! എമ്പാടുമുണ്ടു താനും; ഇഹലോകത്തും പരലോ കത്തും.

വിശദീകരിച്ചു കൊണ്ടിരുന്ന ആയത്തിലേക്ക് മടങ്ങാം. ശിർ ക്കിന്റെ ഒന്നാമത്തെ അടിവേരാണ് ഈ ആയത്തിലെ ഒന്നാ മത്തെ വാക്യത്തിലൂടെ –**ആകാശത്തിലാകട്ടെ ഭൂമിയിലാ കട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെ ടുത്തുന്നില്ല** എന്ന വാക്കിലൂടെ– അറുത്തു കളഞ്ഞിരിക്കുന്ന ത്.

കാരണം, അല്ലാഹുവിന് പുറമെയുള്ളവരെ വിളിച്ചു പ്രാർഥി ക്കുന്നവരുടെ ഉദ്ദേശം തങ്ങളുടെ ഈ സഹായതേട്ടത്തിലൂടെ എന്തെങ്കിലും ഉപകാരം നേടിയെടുക്കലോ, എന്തെങ്കിലും ഉപ ദ്രവം തന്നിൽ നിന്ന് തട്ടിനീക്കലോ ആണ്. ഒരു കാര്യവും സ്വ ന്തം അധീനത്തിൽ ഇല്ലാത്തവർക്ക് എങ്ങനെയാണ് തങ്ങളോ ട് മറ്റുള്ളവർ ചോദിക്കുന്നത് നൽകാൻ കഴിയുക?

അവരുടെ കൈകൾ തന്നെ ശൂന്യമാണ്. തങ്ങളുടെ നേർക്ക് നീ ട്ടിയിരിക്കുന്ന കൈകളിലേക്ക് നൽകാൻ അവരുടെ കയ്യിൽ ഒ ന്നും തന്നെയില്ല. അത് കൊണ്ട് കൈകൾ ശൂന്യമാകാത്ത, കാ ലിയാകാത്ത ഖജാനകളുള്ള അല്ലാഹുവിനോട് ചോദിക്കുക.

عَنْ أَبِي هُرَيْرَةَ: أَنَّ رَسُولَ اللَّهِ -ﷺ- قَالَ: «**يَدُ اللَّهِ مَلْأَى لاَ يَغِيضُهَا نَفَقَةٌ، سَحَّاءُ اللَّيْلَ وَالنَّهَارَ، وَقَالَ: أَرَأَيْتُمْ مَا أَنْفَقَ مُنْذُ خَلَقَ السَّمَوَاتِ وَالأَرْضَ، فَإِنَّهُ لَمْ يَغِضْ مَا فِي يَدِهِ**»

അബൂഹുറൈറ –س– നിവേദനം: നബി –ج– പറഞ്ഞു: ''അ ല്ലാഹുവിന്റെ കൈ നിറഞ്ഞതാണ്. എത്ര നൽകിയാലും അതി ൽ കുറവു വരികയില്ല. രാത്രിയിലും രാവിലെയുമായി അവൻ

ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. ആകാശഭൂമികൾ സൃഷ്ടിച്ചതിന് ശേഷം എന്തു മാത്രമാണ് അവൻ ദാനം ചെയ്തതെന്ന് നിങ്ങൾ കാണുന്നില്ലേ? അതൊന്നും അവന്റെ കൈയ്യിലുള്ളത് കുറവു വരുത്തിയിട്ടില്ല.'' (ബുഖാരി: 7411.)

അല്ലാഹുവിന്റെ പരിപൂർണമായ അധികാരവും, അവന് പുറമെയുള്ളവർ ഒന്നും അധീനപ്പെടുത്തുന്നില്ലെന്നതും ഈ ആയത്തിന്റെ ആദ്യത്തിൽ വ്യക്തമാക്കിയതിലൂടെ ശിർക്കിന്റെ വക്താക്കളുടെ ഒന്നാമത്തെ പടിയാണ് തകർന്നു വീണിരിക്കുന്നത് എന്ന് ചിന്തിക്കുന്നവർക്ക് ബോധ്യപ്പെടും.

3– അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല.

'അവ രണ്ടും' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ആകാശങ്ങളും ഭൂമിയുമാണ്. മുശ്‌രിക്കുകൾ ജൽപ്പിക്കുന്ന ആരാധ്യന്മാരാണ് 'അവർ' എന്നതിന്റെ ഉദ്ദേശം.

അല്ലാഹുവല്ലാത്ത ഒരാളുടെയും അധീനതയിൽ ഒന്നുമില്ലെന്ന കാര്യം തീർച്ചയായി. രണ്ടാമതൊരു സാധ്യതയുള്ളത്; പൂർണമായ അധികാരമൊന്നുമില്ലെങ്കിലും, അല്ലാഹുവിനോടൊപ്പം അധികാരത്തിൽ പങ്കാളിത്തമുണ്ടാകുക എന്നതാണ്. അധികാരത്തിലും കൈകാര്യകർതൃത്വത്തിലും പങ്കാളിത്തമുണ്ടെങ്കിൽ തനിക്ക് പങ്കുള്ളവയിലെങ്കിലും ചില ഇടപെടലുകൾ നടത്താൻ കഴിയുമല്ലോ? എന്നാൽ ആ സാധ്യതയെ ഈ ആയത്തിലുള്ള രണ്ടാമത്തെ വാചകത്തിലൂടെ അല്ലാഹു ഇല്ലാതെയാക്കി.

അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്ന ആരായാലും –അത് അല്ലാഹുവിങ്കൽ ഏറ്റവും സാമീപ്യം സിദ്ധിച്ച മലക്കായ ജിബ്‌രീലിനാകട്ടെ, അവിടുത്തെ സൃഷ്ടികളിൽ ഏറ്റവും മഹാനായ മുഹമ്മദ് നബി-ﷺ-ക്കാകട്ടെ–; അവർക്കൊന്നും തന്നെ സ്വന്തമായ അധികാരമില്ല; അത് കൊണ്ട് അവരോട് എന്തു ചോദിച്ചാലും അവർക്ക് ഉത്തരം നൽകുക സാധ്യമല്ല. അവർക്കൊന്നും അല്ലാഹുവിന്റെ അധികാരത്തിൽ പങ്കുമില്ല; ഉണ്ടായിരുന്നെങ്കിൽ തങ്ങളുടെ പങ്കുള്ളവയിൽ നിന്നെങ്കിലും അവർക്ക് എന്തെങ്കിലും നൽകാൻ കഴിയുമായിരുന്നു.

തന്റെ അധികാരത്തിൽ മറ്റാർക്കും പങ്കില്ലെന്ന കാര്യം പല ആയത്തുകളിലും അല്ലാഹു – ـ – വ്യക്തമാക്കിയിരിക്കുന്നു.

﴿وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ﴿١١١﴾﴾ الإسراء: ١١١

''സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, **ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും** നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി! എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക.'' (ഇസ്റാഅ്: 111)

﴿ ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَخَلَقَ كُلَّ شَىْءٍ فَقَدَّرَهُۥ تَقْدِيرًا ﴿٢﴾ ﴾ الفرقان: ٢

''ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ.) അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. **ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല.** ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'' (ഫുർഖാൻ: 2)

അല്ലാഹുവിന് പുറമെയുള്ളവർക്കൊന്നും പ്രപഞ്ചത്തിലെ ഒരണുമണിത്തൂക്കം വരുന്ന കാര്യത്തിലും പരിപൂർണമായ അധികാരമില്ലെന്ന് മനസ്സിലായി; അതോടൊപ്പം, അവർക്കൊന്നും അല്ലാഹുവിന്റെ അധികാരത്തിൽ പങ്കുമില്ല.

എങ്ങനെ അവർക്ക് അധികാരമുണ്ടാകും? അല്ലാഹു മാത്രമാണ് ഇവയെല്ലാം സൃഷ്ടിച്ചത്. അതിൽ ഒരാളും അവനെ സഹായിക്കാനായി ഉണ്ടായിട്ടില്ല. ആരും സ്വന്തമായി ഒന്നും സൃഷ്ടിച്ചിട്ടില്ല; എല്ലാം അല്ലാഹു സൃഷ്ടിച്ചതാണ്. ബാക്കിയുള്ളതെല്ലാം അവന്റെ സൃഷ്ടികളാണ്.

﴿ قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ ۖ ٱئْتُونِى بِكِتَٰبٍ مِّن قَبْلِ هَٰذَآ أَوْ أَثَٰرَةٍ مِّنْ عِلْمٍ إِن كُنتُمْ صَٰدِقِينَ

﴿٤﴾ الأحقاف: ٤

‘‘പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടു വന്നു തരൂ.’’ (അഹ്ഖാഫ്: 4)

ഈ ലോകത്ത് അധികാരത്തിന്റെ വക്താക്കളെന്ന് അഹങ്കരിച്ചവർ; രാജാക്കന്മാരും ഭരണാധികാരികളുമായി ലോകം വാഴാൻ ആഗ്രഹിച്ചവർ; അവരുടെയെല്ലാം അധികാരത്തിന് യാതൊരു വിലയുമില്ലായിരുന്നെന്ന് വ്യക്തമാക്കുന്ന അന്ത്യനാളിനെ കുറിച്ച് എല്ലാ നിസ്കാരങ്ങളിലും നാം ഓർമ്മിക്കുന്നു.

﴿مَٰلِكِ يَوۡمِ ٱلدِّينِ ﴿٤﴾﴾ الفاتحة: ٤

‘‘പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ.’’ (ഫാതിഹ: 4)

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ-، أَنَّ رَسُولَ اللَّهِ -ﷺ- قال: «**يَقْبِضُ اللَّهُ الأَرْضَ، وَيَطْوِي السَّمَوَاتِ بِيَمِينِهِ، ثُمَّ يَقُولُ: أَنَا المَلِكُ، أَيْنَ مُلُوكُ الأَرْضِ**»

അബൂഹുറൈറ –س– നിവേദനം: നബി –ج– പറഞ്ഞു: ‘‘അല്ലാഹു ഭൂമിയെ പിടിക്കും; ആകാശത്തെ തന്റെ വലതു കൈകൊണ്ട് ചുരുട്ടി പിടിക്കും. എന്നിട്ട് അവൻ പറയും: ഞാനാണ്

രാജാവ്; എവിടെ ഭൂമിയിലെ രാജാക്കന്മാർ?'' (ബുഖാരി: 4812, മുസ്ലിം: 2787)

സ്വന്തമായി യാതൊരു അധികാരവുമില്ലാത്തവർ; അല്ലാഹുവിന്റെ അധികാരത്തിൽ ഒരു പങ്കാളിത്തവും ചെറുതോ വലുതോ ആയ ഒന്നും- അവകാശപ്പെടാൻ കഴിയാത്തവർ. അവർ തങ്ങളുടെ സ്വന്തം കാര്യം തന്നെ അല്ലാഹുവിൽ ഏൽപ്പിച്ചിരിക്കുന്നു. പിന്നെങ്ങനെ അവർക്ക് നിന്റെ പ്രയാസങ്ങൾ നീക്കാൻ കഴിയും?! നിന്റെ ആഗ്രഹങ്ങൾ സാധിപ്പിച്ചു നൽകാൻ സാധിക്കും?!

ശിർക്കിന്റെ വക്താക്കൾ പറയാൻ സാധ്യതയുള്ള രണ്ടാമത്തെ ന്യായത്തെയും അല്ലാഹു ഈ ആയത്തിലൂടെ തകർത്തിരിക്കുന്നു. അല്ലാഹുവിന്റെ അധികാരത്തിൽ എന്തെങ്കിലും പങ്കുമുള്ളവരല്ല നിങ്ങൾ ആരാധിക്കുന്നവർ; അതിനാൽ അല്ലാഹുവിനുള്ള ആരാധനയിലും അവർക്ക് പങ്കു നൽകപ്പെടാവതല്ല. ഇതെല്ലാമാണ് മൂന്നാമത്തെ വാചകത്തിന്റെ ഉദ്ദേശം.

വല്ലാഹു അഅ്ലം.

3- അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.

അല്ലാഹുവല്ലാത്ത മറ്റാർക്കും സ്വന്തമായ അധികാരമോ, അല്ലാഹുവിന്റെ അധികാരത്തിൽ പങ്കാളിത്തമോ ഇല്ലെന്ന കാര്യം ഉറപ്പായി. -വിദൂരമാണെങ്കിലും- മൂന്നാമതൊരു സാധ്യതയുള്ളത് അല്ലാഹുവിന്റെ ഈ അധികാരത്തിൽ; ആകാശഭൂമികളെ മുഴുവൻ സൃഷ്ടിക്കുന്ന വേളയിലോ, അതിന് ശേഷമോ- അവനെ സഹായിക്കാൻ ആരെങ്കിലും ഉണ്ടായിരിക്കുക എന്നതാണ്.

അങ്ങനെയൊരു സാധ്യത നിലനിൽക്കുന്നുണ്ടോ?

അല്ലാഹുവിന്റെ അധികാരം പടുത്തുയർത്താൻ; ആകാശഭൂമികളുടെ നിലനിൽപ്പ് അവതാളത്തിലാകാതിരിക്കാൻ അല്ലാഹുവിന് ഒരു ചെറിയ സഹായമെങ്കിലും നൽകുന്ന ആരെങ്കിലുമുണ്ടോ?

സുബ്ഹാനല്ലാഹ്!

സർവ്വചരാചരങ്ങളെയും പടച്ചവനായ റബ്ബുൽ ആലമീനെങ്ങനെയാണ് അവന്റെ സൃഷ്ടികളിൽ നിന്ന് തന്നെ സഹായികളുണ്ടാവുക?! എല്ലാവരും സൃഷ്ടിക്കപ്പെട്ടത് തന്നെ അവന്റെ കനിവിനാലും ഔദാര്യത്തിനാലുമത്രെ. അവൻ തീരുമാനിച്ചിരുന്നില്ലെങ്കിൽ ഇവർ ഉണ്ടാകുക പോലുമില്ലായിരുന്നു.

﴿يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ﴾ فاطر: ١٥

''മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു.'' (ഫാത്വിർ: 15)

ആകാശഭൂമികളുടെ സൃഷ്ടിപ്പിൽ ഒരാൾക്കും പങ്കില്ലെന്നും, ഒരാളും സഹായികളായിട്ടില്ലെന്നുമുള്ള കാര്യം അല്ലാഹു

ഖുർആനിൽ പലയിടത്തും വ്യക്തമാക്കിയിരിക്കുന്നു.

﴿ ۞ مَّآ أَشۡهَدتُّهُمۡ خَلۡقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَا خَلۡقَ أَنفُسِهِمۡ وَمَا كُنتُ مُتَّخِذَ ٱلۡمُضِلِّينَ عَضُدٗا ٥١ ﴾ الكهف: ٥١

“ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനാകട്ടെ, അവരുടെ തന്നെ സൃഷ്ടിപ്പിനാകട്ടെ നാം അവരെ സാക്ഷികളാക്കിയിട്ടില്ല. വഴിപിഴപ്പിക്കുന്നവരെ ഞാൻ സഹായികളായി സ്വീകരിക്കുന്നവനല്ലതാനും.” (കഹ്ഫ്: 51)

അവനെന്തിനാണ് സഹായികൾ?! ആകാശഭൂമികളുടെ സൃഷ്ടിപ്പോ, അവയുടെ പരിപാലനമോ അവന് യാതൊരു ക്ഷീണമോ പ്രയാസമോ ഉണ്ടാക്കിയിട്ടില്ല.

﴿ وَلَقَدۡ خَلَقۡنَا ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَا فِي سِتَّةِ أَيَّامٖ وَمَا مَسَّنَا مِن لُّغُوبٖ ٣٨ ﴾ ق: ٣٨

“ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നു. യാതൊരു ക്ഷീണവും നമ്മെ ബാധിച്ചിട്ടുമില്ല.” (ഖാഫ്: 38)

﴿ وَلَا يَـُٔودُهُۥ حِفۡظُهُمَاۚ ﴾ البقرة: ٢٥٥

“അവയുടെ (ആകാശഭൂമികളുടെ) സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല.” (ബഖറ: 255)

അല്ലാഹുവിന് പുറമെയുള്ളവരെ വിളിച്ച് പ്രാർഥിക്കുന്നതിനെ ന്യായീകരിക്കുന്നതിനായി നമ്മുടെ നാട്ടിലുള്ള പിഴച്ച ചിന്താഗതിക്കാർ –സുന്നികളെന്ന് സ്വയം വിശേഷിപ്പിക്കുന്നവ

ർ– തങ്ങളുടെ ശിർക്കിന് ന്യായീകരണമായി പറയാറുള്ള ഉദാഹരണത്തിന്റെ നിരർഥകതയും മേൽ പറഞ്ഞതിൽ നിന്ന് ബോധ്യപ്പെടും.

അവരിൽ ചിലർ പറയാറുള്ളത് പോലെ –അല്ലാഹു അവർക്ക് ഹിദായത് നൽകട്ടെ–: രാജാവിന്റെ അടുക്കലേക്ക് നേരിട്ട് കാര്യങ്ങൾ സമർപ്പിക്കാൻ പറ്റില്ലെന്നത് പോലെ; പ്രധാനമന്ത്രിയെയും മുഖ്യമന്ത്രിയെയും നേരിട്ട് പോയി കണ്ടത് കൊണ്ട് കാര്യമില്ലെന്ന പോലെ; അല്ലാഹുവിന്റെ അടുക്കലും കാര്യങ്ങൾ നേരിട്ട് അവതരിപ്പിച്ചത് കൊണ്ട് ഉപകാരമില്ല.

മറിച്ച് രാജാവിന്റെയും പ്രധാനമന്ത്രിയുടെയുമെല്ലാം അടുപ്പക്കാരെ സമീപിച്ച്, അവരോട് നമ്മുടെ ആവശ്യങ്ങൾ സമർപ്പിക്കുകയും, അവർ നമ്മുടെ കാര്യങ്ങൾ തങ്ങളുടെ 'മേലധികാരികളോട്' അവതരിപ്പിക്കുകയും ചെയ്യും എന്നത് പോലെ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ അമ്പിയാക്കളെയും ഔലിയാക്കളെയും വിളിച്ചു പ്രാർഥിക്കുകയും, അവരോട് കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക. അവർ നമ്മുടെ കാര്യങ്ങൾ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കുകയും അങ്ങനെ അല്ലാഹു അവ സാധിപ്പിച്ചു തരികയും ചെയ്യും!

അല്ലാഹുവിനെ കുറിച്ച് ഇത്തരക്കാർക്കുള്ള അങ്ങേയറ്റത്തെ അജ്ഞതയാണ് ഇവരെ കൊണ്ട് ഇത് പറയിക്കുന്നത്. ദുർബലരായ മനുഷ്യരുടെ മേൽ അധികാരമേറ്റെടുത്തിട്ടുള്ള ദുർബലരായ രാജാക്കന്മാരോടാണ് അവർ അല്ലാഹുവിനെ ഉപമിച്ചിരിക്കുന്നത് എന്നതിൽ നിന്ന് മാത്രം അവരുടെ വഴികേടിന്റെ ആഴം വ്യക്തമാകും.

എന്തു കൊണ്ടാണ് രാജാക്കന്മാർ മന്ത്രിമാരുടെ വാക്കുകൾ ശ്രവിക്കുന്നതും, അവർ ശുപാർശ നൽകുന്നവരെ സഹായിക്കുന്നതും? മൂന്നാലൊരു കാരണമാണതിന് പിന്നിലുള്ളത്:

ഒന്നല്ലെങ്കിൽ മന്ത്രിയുടെ സഹായമില്ലാതെ രാജാവിന് ഭര

ണം മുന്നോട്ട് കൊണ്ടു പോകാൻ പറ്റില്ലെന്നത് കൊണ്ട്;

അതല്ലെങ്കിൽ പ്രജകളിൽ ചിലർക്ക് സഹായം ആവശ്യമുണ്ടെന്ന കാര്യം രാജാവിന് അറിയില്ലായിരുന്നു; മന്ത്രി പറഞ്ഞു കൊടുത്തപ്പോഴാണ് അയാൾക്ക് അത് മനസ്സിലായത് എന്നതു കൊണ്ടാണ്;

അതുമല്ലെങ്കിൽ; പ്രജകളെ സഹായിക്കണമെന്ന് രാജാവിന് ഉദ്ദേശമില്ലായിരുന്നു; അവരോട് കരുണ കാണിക്കണമെന്ന് മന്ത്രി ഉപദേശിച്ചപ്പോൾ രാജാവിന് മനസ്സലിവ് തോന്നുകയും സഹായിക്കുകയും ചെയ്യുന്നത് കൊണ്ട്.

ഈ മൂന്നിലൊരു കാരണവും അല്ലാഹുവിന്റെ കാര്യത്തിൽ ഇല്ല തന്നെ. അല്ലാഹു അവയിലേതെങ്കിലും ഉണ്ടാകുന്നതിൽ നിന്നെല്ലാം പരിശുദ്ധനാണ്; ഉന്നതനും പ്രതാപവാനുമാണ്.

ഒന്നാമത്തെ സാധ്യത: രാജാവിന് ഭരണചക്രം തിരിക്കാൻ മന്ത്രിയുടെ സഹായം വേണം; മന്ത്രി പറഞ്ഞതു കേട്ടില്ലെങ്കിൽ അയാൾ പിന്നെ സഹായിക്കില്ല. ചിലപ്പോൾ തന്റെ ഭരണം തന്നെ തകർന്നു പോകാൻ അയാൾ കാരണമാകും. അതു കൊണ്ട് –ചിലപ്പോൾ ഇഷ്ടമില്ലെങ്കിലും– മന്ത്രിയെ രാജാവ് സഹായിച്ചേക്കാം; മന്ത്രി പറയുന്നവർക്ക് രാജാവിന്റെ സഹായങ്ങൾ നൽകിയേക്കാം.

ഇങ്ങനെ അല്ലാഹുവിനെ സഹായിക്കുന്ന ആരെങ്കിലുമുണ്ടോ? അവനെ സഹായിക്കാൻ ഉദ്ദേശിച്ചാൽ പോലും അവർക്ക് കഴിയില്ല.

അല്ലാഹുവിനെ ഉപദ്രവിക്കാൻ –മനുഷ്യരെല്ലാം ഒന്നിച്ചാലും– ആർക്കെങ്കിലും സാധിക്കുമോ? ആർക്കെങ്കിലും 'തന്റെ സഹായമില്ലെങ്കിൽ അല്ലാഹുവിന്റെ അധികാരം നശിച്ചു പോകും' എന്ന് വീമ്പു പറയാൻ കഴിയുമോ?

ഇക്കാര്യം ഊട്ടിയുറപ്പിക്കുന്ന ആയത്താണ് മേലെ നാം ന

ൽകിയ ആയത്ത്. ''അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.''

രണ്ടാമത്തെ സാധ്യത: രാജാവിന്റെ അജ്ഞതയാണ്. പ്രജകളെ കുറിച്ച് അയാൾക്ക് ചിലപ്പോൾ അറിവുണ്ടായിക്കൊള്ളണമെന്നില്ല. മന്ത്രി പറഞ്ഞു കൊടുക്കുമ്പോഴായിരിക്കും ചിലപ്പോൾ തന്റെ മൂക്കിന് താഴെ നടന്ന അനീതിയെ കുറിച്ചോ, അതിക്രമത്തെ കുറിച്ചോ, ദാരിദ്ര്യത്തെ പറ്റിയോ രാജാവ് അറിയുക.

അല്ലാഹുവിന് ഇപ്രകാരം അജ്ഞതയുണ്ടാകുമോ? അവൻ സർവജ്ഞാനിയാണ്. അലീമും ആലിമും അല്ലാമുമാണ്. മനുഷ്യരുടെ മനസ്സകത്തുള്ള –അവർക്ക് പോലും അറിയാത്ത രഹസ്യങ്ങൾ വരെ അറിയുന്ന– ഖബീറും ലതീഫുമാണ്. അവരുടെ കണ്ണിന്റെ കട്ടുനോട്ടം പോലും അറിയുന്ന, അവരെ കുറിച്ച് അവരെക്കാൾ അറിവുള്ളവനാണ്.

നിന്റെ പ്രയാസങ്ങൾ അറിയാൻ അവന് ആരുടെയും ശുപാർശ ആവശ്യമില്ല. ആരുടെയും ഓർമ്മപ്പെടുത്തലോ 'ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളോ' അല്ലാഹുവിന് വേണ്ടതില്ല. നിന്റെ ഹൃദയത്തിന്റെ അകത്തളങ്ങളിലെ തേട്ടങ്ങൾ നിന്നെക്കാൾ മനസ്സിലാക്കിയവനാണവൻ.

നിന്റെ കാര്യങ്ങൾ അറിയിക്കുന്നതിന് പിന്നെന്തിനാണൊരു ശുപാർശകൻ? ഇടനിലക്കാരനും മദ്ധ്യസ്ഥനും?!

മൂന്നാമത്തെ സാധ്യത: രാജാവ് ക്രൂരനാവുകയെന്നതാണ്. രാജാവിനറിയാം പ്രജകളുടെ ദയനീയാവസ്ഥകൾ; പക്ഷേ അയാൾ പ്രജകളെ സഹായിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അയാളുടെ മനസ്സിലേക്ക് അയാൾ ചെവികൊടുക്കുന്ന ആരെങ്കിലും –അയാളുടെ മന്ത്രിയോ ഭാര്യയോ സേനാനായകനോ മറ്റാരെങ്കിലുമോ– ഒരിറ്റു കാരുണ്യമുണ്ടാക്കുന്ന വാക്കുകൾ പറഞ്ഞു കൊടുത്താൽ അയാൾ ചെവി കൊണ്ടേക്കാം.

സഹായിച്ചേക്കാം.

എന്നാൽ അല്ലാഹു ഈ രാജാവിനെ പോലെയാണോ?! ക്രൂരനും അനീതിയും അത്രിക്രമവും ചെയ്യുന്നവനാണോ? അല്ലേയല്ല!

അവൻ നീതിമാനാണ്. ഒരണുമണിത്തൂക്കം പോലും അനീതി ചെയ്യാത്തവനാണ്. അനന്തമായ കാരുണ്യമുള്ളവനാണ് –റഹ്മാനും റഹീമുമായവൻ–. വിട്ടുകൊടുക്കന്നവനും മാപ്പാക്കുന്നവനും അങ്ങേയറ്റം അനുകമ്പയുള്ളവനുമാണ്. എങ്ങനെയാണ് ക്രൂരനായ ഈ രാജാവിനോട് അല്ലാഹുവിനെ ഉപമിക്കുക?!

വിശ്വാസികളേ!

ദുർബലനും ക്രൂരനും അജ്ഞനുമായ രാജാവിനോട് –പ്രധാനമന്ത്രിയോടും മുഖ്യമന്ത്രിയോടും– സർവ്വശക്തനും സർവ്വജ്ഞനും കാരുണ്യവാനുമായ അല്ലാഹുവിനെ ഉപമപ്പെടുത്തുന്നവരെ ബഹിഷ്കരിക്കുക! അവരെ ശപിക്കുകയും ഇസ്‌ലാമിന്റെ വൃത്തത്തിൽ നിന്ന് കല്ലെറിഞ്ഞോടിക്കുകയും ചെയ്യുക!

അവരുടെ തലപ്പാവുകളും വെള്ളവസ്ത്രവും ഉള്ളിലെ ചെളിയും മാലിന്യവും മറക്കാനുള്ള ചില തന്ത്രങ്ങൾ മാത്രമെന്ന് തിരിച്ചറിയുക! അവരെ കൊണ്ട് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഉണ്ടായ ഉപദ്രവങ്ങൾക്ക് അങ്ങനെയെങ്കിലും പ്രായശ്ചിത്തം ചെയ്യുക!

അല്ലാഹു നിങ്ങൾക്ക് പൊറുത്തുതന്നേക്കാം!

ചുരുക്കത്തിൽ; അല്ലാഹുവിനല്ലാതെ മറ്റാർക്കും സ്വന്തമായ എന്തെങ്കിലും അധികാരമോ, അല്ലാഹുവിന്റെ അധികാരത്തിൽ ഒരു പങ്കോ ഇല്ല. ഇതിനെല്ലാം പുറമെ അല്ലാഹുവിന്റെ ഉദ്ദേശങ്ങളിൽ ഇടപെടാൻ സാധിക്കുന്ന രൂപത്തിൽ അല്ലാഹു

വിനെ സഹായിക്കുന്നവരോ അവന് പിൻബലം നൽകുന്നവരോ ആയില്ല. അതിനാൽ അല്ലാഹുവല്ലാത്ത ആരോടും എന്തൊരു കാര്യം തേടിയതു കൊണ്ടും കാര്യമില്ല എന്നെല്ലാമാണ് നാലാമത്തെ വാചകത്തിന്റെ ഉദ്ദേശം.

വല്ലാഹു അഅ്ലം.

4– 'ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.'

ആകാശഭൂമികൾക്കിടയിൽ ഒന്നിലും ആർക്കും ഒരധികാരവുമില്ല –അല്ലാഹുവിനല്ലാതെ–. അവനോടൊപ്പം അധികാരത്തിൽ ആർക്കും ഒരു പങ്കുമില്ല. അവന്റെ അധികാരം കയ്യാളുന്നതിലോ മറ്റോ അവർ യാതൊരു സഹായവും ചെയ്തിട്ടില്ല. അതിനാൽ ആകാശഭൂമികളിലുള്ള ഒരാൾക്കും ഒരു കാര്യത്തിലും അല്ലാഹുവിന്റെ ഉദ്ദേശങ്ങളെ സ്വാധീനിക്കാനോ, അവയെ മാറ്റിമറിക്കാനോ കഴിയില്ല.

നിനക്ക് ഒരു പ്രയാസം അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് നീക്കാൻ അല്ലാഹുവല്ലാതെ ഒരാളുമില്ല. നിനക്ക് ഒരു ഉപകാരം അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് തടുക്കാനും ഒരാളുമില്ല; അല്ലാഹുവല്ലാതെ.

﴿ قُلْ أَفَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ إِنْ أَرَادَنِىَ ٱللَّهُ بِضُرٍّ هَلْ هُنَّ كَـٰشِفَـٰتُ ضُرِّهِۦٓ أَوْ أَرَادَنِى بِرَحْمَةٍ هَلْ هُنَّ مُمْسِكَـٰتُ رَحْمَتِهِۦ ۚ قُلْ حَسْبِىَ ٱللَّهُ ۖ عَلَيْهِ يَتَوَكَّلُ ٱلْمُتَوَكِّلُونَ ﴿٣٨﴾ ﴾ الزمر: ٣٨

''പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചു വെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്.''

(സുമർ: 38)

ഇത്രയും കാര്യം ഒരാൾക്ക് വ്യക്തമായി ബോധ്യപ്പെട്ടാൽ തന്നെ അയാൾ അല്ലാഹുവല്ലാത്തവരോട് എന്തു കാര്യം ചോദിക്കുന്നതിൽ നിന്നും വിട്ടു നിൽക്കും. അവനല്ലാത്ത ആർക്കും ഒരു കാര്യവും മാറ്റിമറിക്കാനോ പ്രയാസങ്ങൾ എടുത്തു നീക്കാനോ കഴിയില്ലെന്ന് അവന് മനസ്സിലാകും.

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ നബിമാർക്കോ, അവനെ തൃപ്തിപ്പെടുത്തിയ ഔലിയാക്കന്മാർക്കോ, ഖബറിൽ കിടക്കുന്ന മഹാന്മാർക്കോ, മഹത്തുകളുടെ രൂപത്തിൽ നിർമ്മിക്കപ്പെട്ട വിഗ്രഹങ്ങൾക്കോ, അനുഗ്രഹീതമെന്ന് കരുതപ്പെടുന്ന കല്ലുകൾക്കോ മരങ്ങൾക്കോ; ഒന്നിനും ഈ പ്രപഞ്ചത്തിൽ ഒരു അണുവിട പോലും മാറ്റങ്ങൾ വരുത്താൻ കഴിയില്ല; അല്ലാഹു ഉദ്ദേശിച്ചതല്ലാതെ.

അതിനാൽ ഒരു യഥാർഥ മുഅ്മിൻ –സത്യവിശ്വാസി– അല്ലാഹുവിനോട് മാത്രമായിരിക്കും ചോദിക്കുക. അവന്റെ ഹൃദയം അല്ലാഹുവുമായി മാത്രമായിരിക്കും ബന്ധിതമായിരിക്കുക. അവന്റെ ആഗ്രഹങ്ങൾ അല്ലാഹുവിന്റെ മുന്നിൽ മാത്രമാകും തുറന്നു വെക്കപ്പെടുക. അവന്റെ പ്രയാസങ്ങൾ നീക്കാനുള്ള തേട്ടങ്ങൾ അല്ലാഹുവിലല്ലാതെ അർപ്പിക്കപ്പെടുകയില്ല.

എന്നാൽ ചിലർ, –അല്ലാഹു നമ്മെയും അവരെയും സ്വിറാതുൽ മുസ്തഖീമിലേക്ക് നയിക്കട്ടെ– ഇതെല്ലാം മനസ്സിലായാലും അവർ പറയും:

'ഇതെല്ലാം ശരിയാണ്. ഈ പറഞ്ഞതിലൊന്നും ഞങ്ങൾക്ക് സംശയമില്ല. നബിമാർക്കോ ഔലിയാക്കന്മാർക്കോ സ്വന്തമായി കഴിവുകളുണ്ടെന്നോ, അവർ എന്തെങ്കിലും അധീനപ്പെടുത്തിയിട്ടുണ്ടെന്നോ ഞങ്ങൾ പറയുന്നില്ല. അവർക്ക് ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി നൽകാനോ, പ്രയാസങ്ങൾ

നീക്കിത്തരാനോ കഴിവുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല.

എന്നാൽ അവർ അല്ലാഹുവിന് പ്രിയപ്പെട്ടവരായ, അവന്റെ ഇഷ്ടദാസന്മാരാണ്. അവർ അവനോട് എന്തെങ്കിലും ചോദിച്ചാൽ അല്ലാഹു അത് തട്ടിക്കളയുകയില്ല. കാരണം അല്ലാഹുവിങ്കൽ മഹത്തരമായ സ്ഥാനവും പദവിയും ഉള്ളവരാണിവർ.

നമ്മളാകട്ടെ –പാപികളും അതിക്രമികളുമാണ്–. നമ്മൾ ചോദിച്ചാൽ അല്ലാഹു നമുക്ക് ഉത്തരം നൽകിക്കൊള്ളണമെന്നില്ല. നമ്മുടെ തേട്ടങ്ങളും ആവശ്യങ്ങളും അവൻ പരിഗണിച്ചു കൊള്ളണമെന്നില്ല.

അതിനാൽ ഞങ്ങൾ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ –നബിമാരോടും ഔലിയാക്കളോടും ഖബറാളികളോടും– ഞങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കും. അവർ ഞങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് ശുപാർശ പറയുകയും, അവരുടെ ശുപാർശ കാരണത്താൽ അല്ലാഹു ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരികയും ചെയ്യും.

ഇതിലെന്താണ് തെറ്റ്?!'

ശിർക്കിന്റെ വക്താക്കളുടെ അവസാനത്തെ ന്യായമാണിത്. അവരുടെ കച്ചിത്തുരുമ്പ്. അതിനെയാണ് അല്ലാഹു – - – രണ്ടാമത്തെ ആയത്തിലൂടെ –അവസാന വാചകത്തിലൂടെ– തകർത്തു കളഞ്ഞത്.

﴿وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنۡ أَذِنَ لَهُۥ﴾

'ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.'

നിങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന അല്ലാഹുവിന്റെ ഇഷ്ടദാസന്മാർ –നബിമാരും ഔലിയാക്കളും–; അവർ അല്ലാഹു അനുമതി നൽകിയവർക്ക് വേണ്ടിയല്ലാതെ ശുപാർശ പറയുകയേയില്ല!

അതിനാൽ നിങ്ങൾക്ക് അവരുടെ ശുപാർശ ഉപകാരപ്പെടണമെങ്കിൽ നിങ്ങൾ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക. അവൻ പറഞ്ഞതു പോലെ ജീവിക്കുകയും, അവനോട് ആവശ്യങ്ങൾ സമർപ്പിക്കുകയും ചെയ്യുക. അവൻ നിങ്ങളെ തൃപ്തിപ്പെട്ടാലല്ലാതെ; നിങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്തു കൊള്ളൂ എന്ന് അല്ലാഹു അനുമതി നൽകിയാലല്ലാതെ അവരാരും നിങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുകയില്ല. ഇനി ചെയ്താൽ തന്നെയും –അതൊരിക്കലും സംഭവിക്കുകയില്ല– ആ ശുപാർശ പ്രയോജനപ്പെടുകയുമില്ല!

ഇതോടു കൂടി അല്ലാഹുവിന് പുറമെയുള്ളവരുടെ ദുർബലത വ്യക്തമായി ബോധ്യപ്പെട്ടു. അവർക്ക് അധികാരമില്ല; അതിൽ പങ്കുമില്ല; അല്ലാഹുവിന്റെ സഹായികളുമല്ല അവർ.

ഏറ്റവും അവസാനം –തങ്ങൾ ആർക്ക് വേണ്ടിയെല്ലാം ശുപാർശ പറയണമെന്നത് പോലും തീരുമാനിക്കാൻ അവർക്ക് അവകാശമില്ല–!

ഏറ്റവും മഹാനും അങ്ങേയറ്റത്തെ പ്രതാപത്തിന്റെ ഉടമസ്ഥനുമായ റബ്ബിന്റെ അരികിൽ 'ഇന്നയിന്നവരെയെല്ലാം നരകത്തിൽ നിന്ന് മോചിപ്പിക്കണം, ഇന്നയാളുകൾക്കെല്ലാം അവരുടെ ആവശ്യങ്ങൾ നിറവേറ്റി നൽകണം' എന്ന് ആവശ്യപ്പെടുന്നത് പോയിട്ട് അവന്റെ അനുമതിയില്ലാതെ ശുപാർശ ചെയ്യാൻ പോലും ആർക്കും അധികാരമില്ല.

എത്ര മാത്രം അല്ലാഹു തൃപ്തിപ്പെട്ട അടിമയാണെങ്കിലും അല്ലാഹു അനുമതി നൽകിയതിന് ശേഷം മാത്രമേ അവർക്ക് ശുപാർശ പറയാൻ പോലുമുള്ള അധികാരമുള്ളൂ; ശുപാ

ർശ തുടങ്ങി വെക്കാൻ പോലും അവർക്ക് സ്വയം അധികാര മില്ലെന്ന് ചുരുക്കം!

അല്ലാഹു - ـ - പറഞ്ഞു:

﴿مَن ذَا ٱلَّذِى يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦ﴾ البقرة: ٢٥٥

"അവന്റെ (അല്ലാഹുവിന്റെ) അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്?" (ബഖറ: 255)

നബിമാരിൽ അന്തിമനും ഏറ്റവും ശ്രേഷ്ഠനുമായ മുഹമ്മദ് നബി -ج- പോലും അല്ലാഹുവിന്റെ അനുമതി ലഭിച്ചതിന് ശേഷമല്ലാതെ ശുപാർശ ചെയ്യാൻ ആരംഭിക്കുക പോലുമില്ല.

സൂര്യൻ ഒരു ചാൺ അകലത്തിൽ നിലകൊള്ളുന്ന സന്ദർഭത്തിൽ തങ്ങളെ വിചാരണക്കെടുക്കണമെന്ന് അല്ലാഹുവിനോട് ശുപാർശ പറയണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ആദം - ÷ - മുതൽ ഈസ - ÷ - വരെയുള്ള നബിമാരോടെല്ലാം മനുഷ്യർ ആവശ്യപ്പെടുകയും, അവരെല്ലാം വിസമ്മതിക്കുകയും, നബിമാരിൽ അന്തിമനായ മുഹമ്മദ് നബി -ج- ശുപാർശ ചെയ്യുമെന്നുമുള്ള കാര്യങ്ങളെല്ലാം പരാമർശിക്കപ്പെട്ട -സുദീർഘമായ 'ശഫാഅത്തിന്റെ' ഹദീഥിൽ- നബി -ج- പറഞ്ഞു:

عَنْ أَنَسِ بْنِ مَالِكٍ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: « ... **فَيَأْتُونِي فَأَسْتَأْذِنُ عَلَى رَبِّي، فَيُؤْذَنُ لِي، فَإِذَا أَنَا رَأَيْتُهُ وَقَعْتُ سَاجِدًا، فَيَدَعُنِي مَا شَاءَ اللَّهُ، فَيُقَالُ: يَا مُحَمَّدُ، ارْفَعْ رَأْسَكَ، قُلْ تُسْمَعْ، سَلْ تُعْطَهْ، اشْفَعْ تُشَفَّعْ،**

فَأَرْفَعُ رَأْسِي، فَأَحْمَدُ رَبِّي بِتَحْمِيدٍ يُعَلِّمُنِيهِ رَبِّي، ثُمَّ أَشْفَعُ فَيَحُدُّ لِي حَدًّا، فَأُخْرِجُهُمْ مِنَ النَّارِ، وَأُدْخِلُهُمُ الْجَنَّةَ، ثُمَّ أَعُودُ فَأَقَعُ سَاجِدًا، فَيَدَعُنِي مَا شَاءَ اللَّهُ أَنْ يَدَعَنِي، ثُمَّ يُقَالُ: ارْفَعْ يَا مُحَمَّدُ، قُلْ تُسْمَعْ، سَلْ تُعْطَهْ، اشْفَعْ تُشَفَّعْ، فَأَرْفَعُ رَأْسِي، فَأَحْمَدُ رَبِّي بِتَحْمِيدٍ يُعَلِّمُنِيهِ، ثُمَّ أَشْفَعُ فَيَحُدُّ لِي حَدًّا، فَأُخْرِجُهُمْ مِنَ النَّارِ وَأُدْخِلُهُمُ الْجَنَّةَ»

അനസു ബ്നു മാലിക് –س– നിവേദനം: നബി –ج– പറഞ്ഞു: ''... അങ്ങനെ അവർ എന്റെ അടുക്കൽ വരും. **അപ്പോൾ ഞാൻ എന്റെ റബ്ബിനോട് അനുമതി ചോദിക്കും. അപ്പോൾ എനിക്ക് അനുമതി നൽകപ്പെടും.** ഞാൻ അവനെ കണ്ടാൽ സുജൂദിൽ (സാഷ്ടാംഘം) വീഴും. അങ്ങനെ (ആ അവസ്ഥയിൽ) അല്ലാഹു ഉദ്ദേശിക്കുന്നത് വരെ ഞാൻ കഴിച്ചു കൂട്ടും.

അപ്പോൾ പറയപ്പെടും: 'ഹേ മുഹമ്മദ്! തല ഉയർത്തുക. നീ സംസാരിക്കുക; (നിന്റെ സംസാരം) ശ്രവിക്കപ്പെടും. നീ ചോദിക്കുക; അത് നൽകപ്പെടും. **നീ ശുപാർശ പറയുക; നിന്റെ ശുപാർശ സ്വീകരിക്കപ്പെടും.**'

അപ്പോൾ ഞാൻ എന്റെ ശിരസ്സ് ഉയർത്തും. എന്റെ റബ്ബ് എനിക്ക് പഠിപ്പിച്ചു നൽകുന്ന സ്തുതികീർത്തനങ്ങൾ കൊണ്ട് ഞാൻ അവനെ സ്തുതിക്കും. പിന്നീട് ഞാൻ ശുപാർശ പറയും.

പിന്നീട് എനിക്ക് ഒരു അതിർ നിർണയിച്ചു നൽകും. [2] അപ്പോൾ അവരെ ഞാൻ നരകത്തിൽ നിന്ന് പുറത്തേക്കെടുക്കുകയും, സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.'' [3]

ഇക്കാര്യം ഖുർആനിലും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. മലക്കുകളെ കുറിച്ച് –അവരും പരലോകത്ത് ശുപാർശ ചെയ്യുന്നവരാണ്– പരാമർശിക്കവെ അല്ലാഹു – ـ – പറഞ്ഞു:

﴿وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ وَهُم مِّنْ خَشْيَتِهِۦ مُشْفِقُونَ ﴿٢٨﴾﴾ الأنبياء: ٢٨

''**അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ** അവർ ശുപാർശ ചെയ്യുകയില്ല. അവരാകട്ടെ, അവനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരാകുന്നു.'' (അമ്പിയാഅ്: 28)

അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെങ്കിൽ തൗഹീദ് പാലിക്കുന്നവരും ശിർക്കിൽ നിന്ന് വിട്ടു നിൽക്കുന്നവരുമായിരിക്കണം. അവർക്ക് മാത്രമേ അല്ലാഹുവിന്റെ ശുപാർശ ലഭിക്കുകയുള്ളൂ. അതിന് ഇബാദത്തുകളെല്ലാം അല്ലാഹുവിന് മാത്രം സമർപ്പിക്കുകയല്ലാതെ മറ്റു വഴികളില്ല. അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ശുപാർശകരെന്ന പേരിൽ പ്രാർഥനകളും വഴിപാടുകളും അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് സമർപ്പിച്ചാൽ അത് തൗഹീദിന് കടകവിരുദ്ധമായ പ്രവർത്തിയാണ്. അവർക്ക് നാളെ ശുപാർശക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

അല്ലാഹു – ـ – പറഞ്ഞു:

---

[2] ആർക്ക് വേണ്ടിയെല്ലാമാണ് ശുപാർശ പറയേണ്ടത് എന്നത് നിർണയിച്ചു നൽകും. (ഉംദതുൽ ഖാരി: 26/391.)

[3] ബുഖാരി: 4476, മുസ്‌ലിം: 193.

﴿ هَلْ يَنظُرُونَ إِلَّا تَأْوِيلَهُۥ ۚ يَوْمَ يَأْتِى تَأْوِيلُهُۥ يَقُولُ ٱلَّذِينَ نَسُوهُ مِن قَبْلُ قَدْ جَآءَتْ رُسُلُ رَبِّنَا بِٱلْحَقِّ فَهَل لَّنَا مِن شُفَعَآءَ فَيَشْفَعُوا۟ لَنَآ أَوْ نُرَدُّ فَنَعْمَلَ غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ قَدْ خَسِرُوٓا۟ أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٥٣﴾ ﴾

الأعراف: ٥٣

‘‘അതിലുള്ളത് പുലർന്ന് കാണുക എന്നതല്ലാതെ മറ്റുവല്ലതുമാണോ അവർ നോക്കിക്കൊണ്ടിരിക്കുന്നത്? മുമ്പ് അതിനെ മറന്നുകളഞ്ഞവർ അതിന്റെ പുലർച്ചവന്നെത്തുന്ന ദിവസത്തിൽ പറയും: ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതൻമാർ സത്യവും കൊണ്ട് തന്നെയാണ് വന്നത്. ഇനി ഞങ്ങൾക്കു വേണ്ടി **ശുപാർശ ചെയ്യാൻ വല്ല ശുപാർശക്കാരുമുണ്ടോ?** അതല്ല, ഞങ്ങളൊന്ന് തിരിച്ചയക്കപ്പെടുമോ? എങ്കിൽ ഞങ്ങൾ മുമ്പ് ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുമായിരുന്നു. തങ്ങൾക്ക് തന്നെ അവർ നഷ്ടം വരുത്തിവെച്ചു. അവർ കെട്ടിച്ചമച്ചിരുന്നതെല്ലാം അവരെ വിട്ട് പോയിക്കളയുകയും ചെയ്തു.’’ (അഅ്റാഫ്: 53)

ശിർക്കിലും കുഫ്റിലുമായി മരണപ്പെട്ടാൽ –അല്ലാഹുവിന്റെ ഇഷ്ടദാസന്മാരുമായി എത്ര അടുത്ത ബന്ധമുള്ളവരാണെങ്കിലും അവർക്ക്– ശുപാർശക്ക് അർഹതയുണ്ടാകില്ല.

ഇബ്രാഹീം നബി– ÷ –യുടെ സംഭവം തന്നെ നോക്കൂ! ആരായിരുന്നു അദ്ദേഹം?! അല്ലാഹുവിന്റെ ഖലീൽ എന്ന വിശേഷണം ലഭിച്ച, ഹനീഫായ ഇബ്രാഹീം – ÷ –.

എന്നാൽ അദ്ദേഹത്തിന്റെ പിതാവോ?! മുശ്രിക്കുകളിൽ പെട്ടവനായിരുന്നു അദ്ദേഹം. തന്റെ പിതാവിനെ ഇബ്രാഹീം

– ÷ – സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന് വേണ്ടി പാപമോചനം തേടാൻ വരെ അദ്ദേഹം തുനിഞ്ഞു; എന്നാൽ ഒരു മുശ്രിക്കിന് വേണ്ടി പാപമോചനം തേടാൻ പാടില്ലെന്ന അല്ലാഹുവിന്റെ കൽപ്പന വന്നതോടെ അദ്ദേഹം അതിൽ നിന്ന് വിരമിച്ചു.

പരലോകത്ത് ഈ രണ്ടു പേരുടെയും അവസ്ഥ എന്തായിരിക്കുമെന്ന് നബി –ج– അറിയിച്ചിരിക്കുന്നു.

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّهُ عَنْهُ-، عَنِ النَّبِيِّ -ﷺ- قَالَ: «يَلْقَى إِبْرَاهِيمُ أَبَاهُ آزَرَ يَوْمَ القِيَامَةِ، وَعَلَى وَجْهِ آزَرَ قَتَرَةٌ وَغَبَرَةٌ، فَيَقُولُ لَهُ إِبْرَاهِيمُ: أَلَمْ أَقُلْ لَكَ لاَ تَعْصِنِي، فَيَقُولُ أَبُوهُ: فَاليَوْمَ لاَ أَعْصِيكَ، فَيَقُولُ إِبْرَاهِيمُ: يَا رَبِّ إِنَّكَ وَعَدْتَنِي أَنْ لاَ تُخْزِيَنِي يَوْمَ يُبْعَثُونَ، فَأَيُّ خِزْيٍ أَخْزَى مِنْ أَبِي الأَبْعَدِ؟ فَيَقُولُ اللَّهُ تَعَالَى: «إِنِّي حَرَّمْتُ الجَنَّةَ عَلَى الكَافِرِينَ، ثُمَّ يُقَالُ: يَا إِبْرَاهِيمُ، مَا تَحْتَ رِجْلَيْكَ؟ فَيَنْظُرُ، فَإِذَا هُوَ بِذِيخٍ مُلْتَطِخٍ، فَيُؤْخَذُ بِقَوَائِمِهِ فَيُلْقَى فِي النَّارِ»

അബൂ ഹുറൈറ –س– നിവേദനം: നബി –ج– പറഞ്ഞു: ''ഖിയാമത്തു നാളിൽ ഇബ്രാഹീം തന്റെ പിതാവ് ആസറിനെ കണ്ടുമുട്ടും. അയാളുടെ മുഖം കാളിമ നിറഞ്ഞതും, പൊടി പുരണ്ടതുമായിരിക്കും.

അപ്പോൾ ഇബ്രാഹീം അയാളോട് പറയും: ''എന്നെ ധിക്കരിക്കരുതെന്ന് ഞാൻ നിങ്ങളോട് പറഞ്ഞതല്ലയോ?''

ഇബ്രാഹീമിന്റെ പിതാവ് പറയും: ''ഇന്ന് ഞാൻ നിന്നെ ധിക്കരിക്കുകയില്ല.''

അപ്പോൾ ഇബ്രാഹീം പറയും: ''റബ്ബേ! മനുഷ്യർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം എന്നെ അപമാനിക്കില്ലെന്ന് നീ എനിക്ക് വാഗ്ദാനം നൽകിയിട്ടുണ്ട്. (നിന്റെ കാരുണ്യത്തിൽ നിന്ന്) അകറ്റപ്പെട്ട എന്റെ പിതാവിനെക്കാൾ വലിയ മറ്റെന്ത് അപമാനമാണുള്ളത്?''

അപ്പോൾ അല്ലാഹു – ‗ – പറയും: ''ഞാൻ കാഫിറുകൾക്ക് മേൽ സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു.''

ശേഷം ഇപ്രകാരം പറയപ്പെടും: ''ഹേ ഇബ്രാഹീം! നിന്റെ കാലുകൾക്ക് അടിയിൽ എന്താണ്?''

അദ്ദേഹം നോക്കിയാൽ തന്റെ പിതാവിനെ രക്തം പുരണ്ട ഒരു കഴുതപ്പുലിയുടെ രൂപത്തിൽ കാണും. കാലുകളിൽ പിടിച്ച് അത് നരകത്തിലേക്ക് വലിച്ചെറിയപ്പെടും.'' [4]

നോക്കൂ! ഇബ്രാഹീം നബി– ÷ –ക്ക് തന്റെ പിതാവിനെ പോലും സഹായിക്കാൻ കഴിഞ്ഞില്ല. പിന്നെങ്ങനെയാണ് അദ്ദേഹത്തോടും, അദ്ദേഹത്തെ പോലുള്ളവരോടും ഈ പറഞ്ഞ ബന്ധമൊന്നുമില്ലാത്ത നിനക്ക് അവരുടെ ശഫാഅത്ത് ഉപകാരപ്പെടുക; നീ ശിർക്ക് ചെയ്തവനാണെങ്കിൽ?!

ചിലർ പറഞ്ഞേക്കാം: 'അല്ലാഹുവിന്റെ ഇഷ്ടദാസന്മാരെ ശുപാർശകരെന്ന നിലക്ക് വിളിച്ചു പ്രാർഥിക്കുന്നതും അവരോട് സഹായം തേടുന്നതും ശിർക്കാവുകയില്ല; കൂടിയാൽ ഒരു ഹറാമോ മറ്റോ ആവുകയുള്ളൂ.'

ഇല്ല സുഹൃത്തേ –അല്ലാഹു എന്നെയും നിന്നെയും നേർവ

[4] ബുഖാരി: 3350.

ഴിയിലാക്കട്ടെ–; ഒരിക്കലുമല്ല.

മക്കയിലെ മുശ്രിക്കുകളും ഇതേ അബദ്ധധാരണയിൽ തന്നെയായിരുന്നു അകപ്പെട്ടത്. അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്ക് വേണ്ടി ലാതയും ഉസ്സയും മനാതയുമെല്ലാം ശുപാർശ ചെയ്യുമെന്ന വിശ്വാസത്തിലായിരുന്നു അവരും നബിമാരെയും മഹാന്മാരെയും വിളിച്ചു തേടിയത്. എന്നാൽ മുശ്രിക്കുകൾ എന്ന വിശേഷണം അർഹമാകുന്നതിൽ നിന്ന് അവരെ ഈ വിശ്വാസവും രക്ഷപ്പെടുത്തിയില്ല.

അല്ലാഹു – ـ – പറഞ്ഞു:

﴿ وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾ ﴾ يونس: ١٨

''അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള **ശുപാർശക്കാരാണ്** എന്ന് പറഞ്ഞു കൊണ്ട് അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ **പങ്കുചേർക്കുന്നതിൽ നിന്ന് (–ശിർക്കിൽ നിന്ന്–)** എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു.'' (യൂനുസ്: 18)

അല്ലാഹുവിന് പുറമെയുള്ളവരെ ശുപാർശകരെന്ന വിശ്വാസത്തിൽ വിളിച്ച് പ്രാർഥിക്കുകയും, ആരാധിക്കുകയും ചെയ്തവരെ കുറിച്ച് പരാമർശിച്ച ആയത്ത് അല്ലാഹു അവസാനി

പ്പിച്ചത് അവരുടെ ശിർക്കിൽ നിന്ന് അല്ലാഹു പരിശുദ്ധനാണെന്ന് വ്യക്തമാക്കി കൊണ്ടാണ്. ശുപാർശകരെന്ന പേരിൽ മഹാന്മാരെ വിളിച്ചു പ്രാർഥിക്കൽ ശിർക്കാണെന്നതിന് ഇക്കാര്യം വ്യക്തമായ തെളിവാണ്.

സൂറ. സുമറിൽ അല്ലാഹു - ـ - പറഞ്ഞു:

﴿وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ﴾

الزمر: ٣

‘‘അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ **അടുപ്പമുണ്ടാക്കിത്തരാൻ** വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.’’ (സുമർ: 3)

നോക്കൂ! എന്തു മാത്രം സാമ്യതയാണ് മക്കയിലുണ്ടായിരുന്ന മുശ്‌രിക്കുകളുടെയും, ഇസ്‌ലാമിന്റെ വക്താക്കളാണ് തങ്ങളെന്ന് അവകാശപ്പെടുന്ന ചിലരുടെയും സംസാരങ്ങളിലുള്ളത്?!

അല്ലാഹു എല്ലാ വഴികേടുകളിൽ നിന്നും എന്നെയും നിന്നെയും കാത്തുരക്ഷിക്കട്ടെ!

തങ്ങളുടെ ശുപാർശകരാണ് നബിമാരും ഔലിയാക്കളുമെന്ന ന്യായം പറഞ്ഞ്, അവരെ വിളിച്ചു പ്രാർഥിക്കുകയും അവരോട് ആവശ്യങ്ങൾ തേടുകയും ചെയ്യുന്നവർ ഗൗരവത്തിൽ ചിന്തിക്കേണ്ട ചില ആയത്തുകളും ഹദീഥുകളുമാണ് മേലെ നൽകിയത്.

ചുരുക്കത്തിൽ, ശുപാർശകരുടെ കയ്യിലല്ല ശുപാർശയുടെ നിയന്ത്രണമുള്ളത്; മറിച്ച് അല്ലാഹുവാണ് ആരു ശുപാർശ പറയണമെന്നും, ആർക്കു വേണ്ടി ശുപാർശ പറയണമെന്നും,

എപ്പോൾ ശുപാർശ പറയണമെന്നുമെല്ലാം തീരുമാനിക്കുന്നത്. ശുപാർശയുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന തീരുമാനങ്ങൾ; അവയെല്ലാം അല്ലാഹുവിന്റെ കയ്യിലാണ്.

1- ആരാണ് ശുപാർശ പറയേണ്ടത്.

2- ആർക്ക് വേണ്ടിയാണ് ശുപാർശ പറയേണ്ടത്.

3- എപ്പോഴാണ് ശുപാർശ പറയേണ്ടത്.

ഇതോടു കൂടി ബുദ്ധിയുള്ള ഏതൊരു വ്യക്തിയും അല്ലാഹുവല്ലാത്തവരുമായുള്ള ബന്ധങ്ങളിൽ നിന്ന് തന്റെ മനസ്സിനെ പരിപൂർണമായും മുക്തമാക്കും. അവൻ തന്റെ റബ്ബിങ്കൽ ഭരമേൽപ്പിക്കുകയും അവന് നിഷ്കളങ്കമായി ആരാധനകൾ സമർപ്പിക്കുന്നവനുമായി തീരും.

അല്ലാഹു എന്നെയും നിന്നെയും സത്യം പിൻപറ്റുന്നതിന് സഹായിക്കട്ടെ.

അവസാനം സ്വർഗത്തിൽ പ്രവേശിക്കുന്ന വ്യക്തി

عَنِ ابْنِ مَسْعُودٍ -رَضِيَ اللَّهُ عَنْهُ-، أَنَّ رَسُولَ اللَّهِ -صَلَّى اللَّهُ عَلَيْهِ وَسَلَّمَ- قَالَ: «آخِرُ مَنْ يَدْخُلُ الْجَنَّةَ رَجُلٌ، فَهْوَ يَمْشِي مَرَّةً، وَيَكْبُو مَرَّةً، وَتَسْفَعُهُ النَّارُ مَرَّةً، فَإِذَا مَا جَاوَزَهَا الْتَفَتَ إِلَيْهَا، فَقَالَ: تَبَارَكَ الَّذِي نَجَّانِي مِنْكِ، لَقَدْ أَعْطَانِي اللَّهُ شَيْئًا مَا أَعْطَاهُ أَحَدًا مِنَ الْأَوَّلِينَ وَالْآخِرِينَ ...

ഇബ്നു മസ്ഊദ് –س– നിവേദനം: നബി –ج– പറഞ്ഞു: ''അവസാനം സ്വർഗത്തിൽ പ്രവേശിക്കുന്ന വ്യക്തി; കുറച്ചു നടന്നും ചിലപ്പോൾ മുഖം കുത്തിവീണും, നരകം അയാളെ മറിച്ചിട്ടുമെല്ലാമാണ് (അയാൾ പുറത്തു കടക്കുക.) അതിൽ നിന്ന് പുറത്തു കടന്നു കഴിഞ്ഞാൽ അയാൾ തിരിഞ്ഞു നിൽക്കും. എന്നിട്ട് പറയും: 'നിന്നിൽ നിന്ന് എന്നെ രക്ഷിച്ചവനായ (അല്ലാഹു) അനുഗ്രഹപൂർണനായിരിക്കുന്നു. ഭൂമിയിൽ ഒരാൾക്കും –ആദ്യത്തെയാൾ മുതൽ അവസാനത്തെയാൾ വരെയുള്ള ഒരാൾക്കും– നൽകാത്തത് അല്ലാഹു എനിക്ക് നൽകിയിരിക്കുന്നു.'

... فَتُرْفَعُ لَهُ شَجَرَةٌ، فَيَقُولُ: أَيْ رَبِّ، أَدْنِنِي مِنْ هَذِهِ الشَّجَرَةِ فَلِأَسْتَظِلَّ بِظِلِّهَا، وَأَشْرَبَ مِنْ مَائِهَا.

അപ്പോൾ അയാൾക്ക് വേണ്ടി ഒരു വൃക്ഷം ഉയർത്തി നൽകപ്പെടും. അയാൾ പറയും: 'എന്റെ റബ്ബേ! എന്നെ ഈ മരത്തിന്റെ അരികിലേക്ക് എത്തിക്കേണമേ! എനിക്ക് അതിന്റെ

തണലു കൊള്ളുകയും, അതിന്റെ വെള്ളം കുടിക്കുകയും ചെയ്യാം.

فَيَقُولُ اللَّهُ عَزَّ وَجَلَّ: يَا ابْنَ آدَمَ، لَعَلِّي إِنَّ أَعْطَيْتُكَهَا سَأَلْتَنِي غَيْرَهَا، فَيَقُولُ: لَا، يَا رَبِّ، وَيُعَاهِدُهُ أَنْ لَا يَسْأَلَهُ غَيْرَهَا.

അപ്പോൾ അല്ലാഹു പറയും: 'ഹേ ആദമിന്റെ മകനേ! നീ ചോദിക്കുന്നത് നിനക്ക് ഞാൻ നൽകിയാൽ ചിലപ്പോൾ നീ ഇനിയും ചോദിച്ചേക്കാം.'

അപ്പോൾ അയാൾ പറയും: 'എന്റെ റബ്ബേ! ഇല്ല. (ഒരിക്കലും ചോദിക്കുകയില്ല.)' അയാൾ ഇനിയൊന്നും ചോദിക്കുക യില്ലെന്ന് അല്ലാഹുവിനോട് കരാർ ചെയ്യും.

وَرَبُّهُ يَعْذِرُهُ لِأَنَّهُ يَرَى مَا لَا صَبْرَ لَهُ عَلَيْهِ، فَيُدْنِيهِ مِنْهَا، فَيَسْتَظِلُّ بِظِلِّهَا، وَيَشْرَبُ مِنْ مَائِهَا، ثُمَّ تُرْفَعُ لَهُ شَجَرَةٌ هِيَ أَحْسَنُ مِنَ الْأُولَى.

അയാൾക്ക് ഇനിയും (ആ അനുഗ്രഹത്തിന് വേണ്ടി കാത്തി രിക്കാനുള്ള) ക്ഷമയില്ലെന്നതു കൊണ്ട് റബ്ബ് അവന് ഒഴിവുക ഴിവു നൽകും. അങ്ങനെ അവനെ ആ വൃക്ഷത്തിന്റെ അ രികിലേക്ക് അടുപ്പിക്കും. അയാൾ അതിന്റെ തണൽ കൊള്ളു കയും, അതിന്റെ വെള്ളം കുടിക്കുകയും ചെയ്യും. അപ്പോൾ അവന് വേണ്ടി മുൻപുള്ളതിനെക്കാൾ നല്ല മറ്റൊരു വൃക്ഷം ഉയർത്തപ്പെടും.

فَيَقُولُ: أَيْ رَبِّ، أَدْنِنِي مِنْ هَذِهِ لِأَشْرَبَ مِنْ مَائِهَا، وَأَسْتَظِلَّ بِظِلِّهَا، لَا أَسْأَلُكَ غَيْرَهَا.

അപ്പോൾ അയാൾ പറയും: 'എന്റെ റബ്ബേ! എന്നെ ഈ മര

ത്തിന്റെ അരികിലേക്ക് എത്തിക്കേണമേ! എനിക്ക് അതിന്റെ വെള്ളം കുടിക്കുകയും, തണലു കൊള്ളുകയും, ചെയ്യാം. ഇനി മറ്റൊന്നും ഞാൻ ചോദിക്കുകയില്ല.'

فَيَقُولُ: يَا ابْنَ آدَمَ، أَلَمْ تُعَاهِدْنِي أَنْ لَا تَسْأَلَنِي غَيْرَهَا، فَيَقُولُ: لَعَلِّي إِنْ أَدْنَيْتُكَ مِنْهَا تَسْأَلُنِي غَيْرَهَا، فَيُعَاهِدُهُ أَنْ لَا يَسْأَلَهُ غَيْرَهَا.

അപ്പോൾ അല്ലാഹു പറയും: 'ഹേ ആദമിന്റെ മകനേ! എന്നോട് മറ്റൊന്നും ചോദിക്കില്ലെന്ന് നീ കരാർ ചെയ്തതല്ലേ? ഞാൻ നിന്നെ ഈ മരത്തിന്റെ അരികിലേക്ക് അടുപ്പിച്ചാൽ നീ എന്നോട് മറ്റെന്തെങ്കിലും ചോദിച്ചേക്കാം.'

അപ്പോൾ, ഇനിയൊന്നും ചോദിക്കുകയില്ലെന്ന് അയാൾ അല്ലാഹുവുമായി കരാർ ചെയ്യും.

وَرَبُّهُ يَعْذِرُهُ لِأَنَّهُ يَرَى مَا لَا صَبْرَ لَهُ عَلَيْهِ، فَيُدْنِيهِ مِنْهَا فَيَسْتَظِلُّ بِظِلِّهَا، وَيَشْرَبُ مِنْ مَائِهَا.

അയാൾക്ക് ഇനിയും (ആ അനുഗ്രഹത്തിന് വേണ്ടി കാത്തിരിക്കാനുള്ള) ക്ഷമയില്ലെന്നതു കൊണ്ട് റബ്ബ് അവന് ഒഴിവുകഴിവു നൽകും. അങ്ങനെ അവനെ ആ വൃക്ഷത്തിന്റെ അരികിലേക്ക് അടുപ്പിക്കും. അയാൾ അതിന്റെ തണൽ കൊള്ളുകയും, അതിന്റെ വെള്ളം കുടിക്കുകയും ചെയ്യും.

ثُمَّ تُرْفَعُ لَهُ شَجَرَةٌ عِنْدَ بَابِ الْجَنَّةِ هِيَ أَحْسَنُ مِنَ الْأُولَيَيْنِ، فَيَقُولُ: أَيْ رَبِّ، أَدْنِنِي مِنْ هَذِهِ لِأَسْتَظِلَّ بِظِلِّهَا، وَأَشْرَبَ مِنْ مَائِهَا، لَا أَسْأَلُكَ غَيْرَهَا.

അപ്പോൾ അവന് വേണ്ടി സ്വർഗത്തിന്റെ വാതിലിന് അരികിലായി മറ്റൊരു വൃക്ഷം ഉയർത്തപ്പെടും. ആദ്യം കണ്ട രണ്ടു വൃക്ഷങ്ങളെക്കാൾ മനോഹരമായിരിക്കും ഇത്.

അപ്പോൾ അയാൾ പറയും: 'എന്റെ റബ്ബേ! എന്നെ ഈ മരത്തിന്റെ അരികിലേക്ക് എത്തിക്കേണമേ! എനിക്ക് അതിന്റെ തണലു കൊള്ളുകയും, വെള്ളം കുടിക്കുകയും ചെയ്യാം. ഇനി മറ്റൊന്നും ഞാൻ ചോദിക്കുകയില്ല.'

فَيَقُولُ: يَا ابْنَ آدَمَ، أَلَمْ تُعَاهِدْنِي أَنْ لَا تَسْأَلَنِي غَيْرَهَا، قَالَ: بَلَى يَا رَبِّ، هَذِهِ لَا أَسْأَلُكَ غَيْرَهَا.

അപ്പോൾ അല്ലാഹു പറയും: 'ഹേ ആദമിന്റെ മകനേ! എന്നോട് മറ്റൊന്നും ചോദിക്കില്ലെന്ന് നീ കരാർ ചെയ്തതല്ലേ?'

അയാൾ പറയും: 'റബ്ബേ, അതെ. ഇതു മാത്രം. ഇനി ഞാൻ വേറെയൊന്നും ചോദിക്കുകയില്ല.'

وَرَبُّهُ يَعْذِرُهُ لِأَنَّهُ يَرَى مَا لَا صَبْرَ لَهُ عَلَيْهَا، فَيُدْنِيهِ مِنْهَا، فَإِذَا أَدْنَاهُ مِنْهَا فَيَسْمَعُ أَصْوَاتَ أَهْلِ الْجَنَّةِ، فَيَقُولُ: أَيْ رَبِّ، أَدْخِلْنِيهَا.

അയാൾക്ക് ഇനിയും (ആ അനുഗ്രഹത്തിന് വേണ്ടി കാത്തിരിക്കാനുള്ള) ക്ഷമയില്ലെന്നതു കൊണ്ട് റബ്ബ് അവന് ഒഴിവുകഴിവു നൽകും. അങ്ങനെ അവനെ ആ വൃക്ഷത്തിന്റെ അരികിലേക്ക് അടുപ്പിക്കും. അതിന്റെ അടുത്ത് എത്തിയാൽ അയാൾ സ്വർഗക്കാരുടെ ശബ്ദങ്ങൾ കേൾക്കും.

അപ്പോൾ അയാൾ പറയും: 'റബ്ബേ, എന്നെ അതിൽ പ്രവേശിപ്പിക്കണം.'

فَيَقُولُ: يَا ابْنَ آدَمَ مَا يَصْرِينِي مِنْكَ؟ أَيُرْضِيكَ أَنْ أُعْطِيَكَ الدُّنْيَا وَمِثْلَهَا مَعَهَا؟

അപ്പോൾ അല്ലാഹു പറയും: 'ആദമിന്റെ സന്തതിയേ! നിന്റെ ചോദ്യം എപ്പോഴാണ് അവസാനിക്കുക? നിനക്ക് ഇഹലോകവും അതിന് തുല്യമായതും നൽകിയാൽ നിനക്ക് തൃപ്തിയാകുമോ?'

قَالَ: يَا رَبِّ، أَتَسْتَهْزِئُ مِنِّي وَأَنْتَ رَبُّ الْعَالَمِينَ؟

അയാൾ പറയും: 'എന്റെ റബ്ബേ. ലോകങ്ങളുടെ രക്ഷിതാവായിരിക്കേ നീ എന്നെ പരിഹസിക്കുകയാണോ?'

فَضَحِكَ ابْنُ مَسْعُودٍ، فَقَالَ: أَلَا تَسْأَلُونِي مِمَّ أَضْحَكُ فَقَالُوا: مِمَّ تَضْحَكُ، قَالَ: هَكَذَا ضَحِكَ رَسُولُ اللهِ -ﷺ-، فَقَالُوا: مِمَّ تَضْحَكُ يَا رَسُولَ اللهِ، قَالَ: «مِنْ ضَحِكِ رَبِّ الْعَالَمِينَ حِينَ قَالَ: أَتَسْتَهْزِئُ مِنِّي وَأَنْتَ رَبُّ الْعَالَمِينَ؟»

ഇത് പറഞ്ഞതിന് ശേഷം ഇബ്നു മസ്ഊദ് പുഞ്ചിരിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: ''ഞാൻ എന്തു കൊണ്ടാണ് ചിരിക്കുന്നതെന്ന് നിങ്ങൾ ചോദിക്കുന്നില്ലേ?''

അവർ പറഞ്ഞു: ''നിങ്ങൾ എന്തിനാണ് ചിരിച്ചത്?''

ഇപ്രകാരം നബി -ج- യും (ഇതു പറഞ്ഞപ്പോൾ) പുഞ്ചിരിച്ചു. അപ്പോൾ സ്വഹാബികൾ ചോദിച്ചു: ''അല്ലാഹുവിന്റെ റസൂലേ! അങ്ങെന്തിനാണ് ചിരിക്കുന്നത്?''

അപ്പോൾ നബി -ج- പറഞ്ഞു: "'ലോകങ്ങളുടെ റബ്ബായിരിക്കെ നീ എന്നെ പരിഹസിക്കുകയാണോ' എന്ന അയാളുടെ ചോദ്യം കേൾക്കുമ്പോഴുള്ള അല്ലാഹുവിന്റെ ചിരി കാരണത്താൽ."

فَيَقُولُ: إِنِّي لَا أَسْتَهْزِئُ مِنْكَ، وَلَكِنِّي عَلَى مَا أَشَاءُ قَادِرٌ.

എന്നിട്ട് അല്ലാഹു പറയും: "ഞാൻ നിന്നെ പരിഹസിക്കുകയല്ല. മറിച്ച് ഞാൻ ഉദ്ദേശിച്ചത് ചെയ്യാൻ കഴിവുള്ളവനാണ്." 5

അബൂ ഹുറൈറ -س- നിവേദനം ചെയ്ത മറ്റൊരു സുദീർഘമായ ഹദീഥിൽ ഇപ്രകാരം കൂടിയുണ്ട്.

وَعَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ -ﷺ- قَالَ: « ... وَيَبْقَى رَجُلٌ بَيْنَ الْجَنَّةِ وَالنَّارِ وَهُوَ آخِرُ أَهْلِ النَّارِ دُخُولًا الْجَنَّةَ مُقْبِلٌ بِوَجْهِهِ قِبَلَ النَّارِ.

നബി -ج- പറഞ്ഞു: "അങ്ങനെ സ്വർഗത്തിനും നരകത്തിനും ഇടയിൽ ഒരാൾ മാത്രം ബാക്കിയാകും. അവസാനമായി സ്വർഗത്തിൽ പ്രവേശിക്കുക അയാളായിരിക്കും. അയാളുടെ മുഖം നരകത്തിന് നേരെ തിരിഞ്ഞായിരിക്കും ഉണ്ടാവുക.

فَيَقُولُ: يَا رَبِّ اصْرِفْ وَجْهِي عَنِ النَّارِ، قَدْ قَشَبَنِي رِيحُهَا وَأَحْرَقَنِي ذَكَاؤُهَا.

അയാൾ പറയും: 'റബ്ബേ, എന്റെ മുഖം നരകത്തിൽ നിന്ന്

5 മുസ്ലിം: 187.

തിരിച്ചു നിർത്തേണമേ. അതിന്റെ കാറ്റ് എന്നെ നശിപ്പിക്കുകയും, അതിലെ അഗ്നിയുടെ ആളൽ എന്നെ കരിച്ചു കളയുകയും ചെയ്തിരിക്കുന്നു.'

فَيَقُولُ: هَلْ عَسَيْتَ إِنْ فُعِلَ ذَلِكَ بِكَ أَنْ تَسْأَلَ غَيْرَ ذَلِكَ؟

അല്ലാഹു പറയും: 'നിനക്ക് വേണ്ടി അത് നിർവ്വഹിക്കപ്പെട്ടാൽ നീ മറ്റെന്തെങ്കിലും എന്നോട് ചോദിക്കുമോ?'

فَيَقُولُ: لاَ وَعِزَّتِكَ، فَيُعْطِي اللَّهَ مَا يَشَاءُ مِنْ عَهْدٍ وَمِيثَاقٍ، فَيَصْرِفُ اللَّهُ وَجْهَهُ عَنِ النَّارِ.

അയാൾ പറയും: 'നിന്റെ പ്രതാപം തന്നെ സത്യം! ഇല്ല (ഞാൻ ചോദിക്കുകയില്ല).' അങ്ങനെ അയാൾ ധാരാളം കരാറുകളും ഉറപ്പുകളും അല്ലാഹുവിന് നൽകും. അപ്പോൾ അല്ലാഹു അയാളുടെ മുഖത്തെ നരകത്തിൽ നിന്ന് തിരിച്ചു നിർത്തും.

فَإِذَا أَقْبَلَ بِهِ عَلَى الجَنَّةِ، رَأَى بَهْجَتَهَا سَكَتَ مَا شَاءَ اللَّهُ أَنْ يَسْكُتَ، ثُمَّ قَالَ: يَا رَبِّ قَدِّمْنِي عِنْدَ بَابِ الجَنَّةِ.

അങ്ങനെ അയാൾ സ്വർഗത്തിലേക്ക് തിരിഞ്ഞു നിൽക്കും. അതിന്റെ പ്രകാശവും ഭംഗിയും കണ്ടാൽ അയാൾ –അല്ലാഹു ഉദ്ദേശിക്കുന്നത് വരെ– മിണ്ടാതിരിക്കും.

പിന്നെ പറയും: 'റബ്ബേ, എന്നെ സ്വർഗത്തിന്റെ വാതിലിന്റെ അടുക്കലേക്ക് നിർത്തണമേ!'

فَيَقُولُ اللَّهُ لَهُ: أَلَيْسَ قَدْ أَعْطَيْتَ العُهُودَ وَالمِيثَاقَ، أَنْ لاَ تَسْأَلَ غَيْرَ

الَّذِي كُنْتَ سَأَلْتَ؟ فَيَقُولُ: يَا رَبِّ لاَ أَكُونُ أَشْقَى خَلْقِكَ.

അപ്പോൾ അല്ലാഹു പറയും: 'മുൻപ് ചോദിച്ചതല്ലാതെ മറ്റൊന്നും ചോദിക്കില്ലെന്ന ഉറപ്പും കരാറുമെല്ലാം നീ നൽകിയിരുന്നതല്ലേ?'

അയാൾ പറയും: 'റബ്ബേ, ഞാൻ നിന്റെ സൃഷ്ടികളിൽ ഏറ്റവും ഭാഗ്യം കെട്ടവനാകാതിരിക്കട്ടെ!'

فَيَقُولُ: فَمَا عَسَيْتَ إِنْ أُعْطِيتَ ذَلِكَ أَنْ لاَ تَسْأَلَ غَيْرَهُ؟ فَيَقُولُ: لاَ وَعِزَّتِكَ، لاَ أَسْأَلُ غَيْرَ ذَلِكَ، فَيُعْطِي رَبَّهُ مَا شَاءَ مِنْ عَهْدٍ وَمِيثَاقٍ.

അപ്പോൾ അല്ലാഹു പറയും: 'നിനക്ക് വേണ്ടി അത് നിർവ്വഹിക്കപ്പെട്ടാൽ നീ മറ്റെന്തെങ്കിലും എന്നോട് ചോദിക്കുമോ?'

അപ്പോൾ അയാൾ പറയും: 'നിന്റെ പ്രതാപം തന്നെ സത്യം! ഇല്ല (ഞാൻ ചോദിക്കുകയില്ല).' അങ്ങനെ അയാൾ ധാരാളം കരാറുകളും ഉറപ്പുകളും അല്ലാഹുവിന് നൽകും.

فَيُقَدِّمُهُ إِلَى بَابِ الجَنَّةِ، فَإِذَا بَلَغَ بَابَهَا، فَرَأَى زَهْرَتَهَا، وَمَا فِيهَا مِنَ النَّضْرَةِ وَالسُّرُورِ، فَيَسْكُتُ مَا شَاءَ اللَّهُ أَنْ يَسْكُتَ.

അങ്ങനെ അവനെ സ്വർഗത്തിന്റെ വാതിലിന്റെ അടുക്കലേക്ക് നിർത്തും. അതിന്റെ വാതിൽ വരെ എത്തിയാൽ; സ്വർഗത്തിന്റെ മനോഹാരിതയും, അതിലുള്ള പ്രകാശവും സന്തോഷവും കണ്ടാൽ; അവൻ നിശബ്ദനായി നിൽക്കും –അല്ലാഹു ഉദ്ദേശിക്കുന്നത് വരെ–.

فَيَقُولُ: يَا رَبِّ أَدْخِلْنِي الجَنَّةَ، فَيَقُولُ اللَّهُ: وَيْحَكَ يَا ابْنَ آدَمَ، مَا

أَغْدَرَكَ، أَلَيْسَ قَدْ أَعْطَيْتَ العُهُودَ وَالمِيثَاقَ، أَنْ لاَ تَسْأَلَ غَيْرَ الَّذِي أُعْطِيتَ؟

പിന്നെ അവൻ പറയും: 'എന്റെ റബ്ബേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ.'

അപ്പോൾ അല്ലാഹു പറയും: 'നിന്നിൽ കാരുണ്യമുണ്ടാകട്ടെ. എന്തു മാത്രം വാക്കു പാലിക്കാത്തവനാണ് നീ?! മുൻപ് ചോദിച്ചതല്ലാതെ മറ്റൊന്നും ചോദിക്കില്ലെന്ന ഉറപ്പും കരാറുമെല്ലാം നീ നൽകിയിരുന്നതല്ലേ?'

فَيَقُولُ: يَا رَبِّ لاَ تَجْعَلْنِي أَشْقَى خَلْقِكَ، فَيَضْحَكُ اللَّهُ عَزَّ وَجَلَّ مِنْهُ، ثُمَّ يَأْذَنُ لَهُ فِي دُخُولِ الجَنَّةِ.

അയാൾ പറയും: 'റബ്ബേ, ഞാൻ നിന്റെ സൃഷ്ടികളിൽ ഏറ്റവും ഭാഗ്യം കെട്ടവനാകാതിരിക്കട്ടെ!'

അപ്പോൾ അല്ലാഹു ചിരിക്കും. പിന്നീട് അവന് സ്വർഗത്തിൽ പ്രവേശിക്കാൻ അനുമതി നൽകും.

فَيَقُولُ: تَمَنَّ، فَيَتَمَنَّى حَتَّى إِذَا انْقَطَعَ أُمْنِيَّتُهُ، قَالَ اللَّهُ عَزَّ وَجَلَّ: مِنْ كَذَا وَكَذَا، أَقْبَلَ يُذَكِّرُهُ رَبُّهُ، حَتَّى إِذَا انْتَهَتْ بِهِ الأَمَانِيُّ، قَالَ اللَّهُ تَعَالَى: لَكَ ذَلِكَ وَمِثْلُهُ مَعَهُ»

അല്ലാഹു അയാളോട് പറയും: 'നീ ആഗ്രഹിക്കുക.'

അങ്ങനെ അയാൾ ആഗ്രഹിച്ചു കൊണ്ടിരിക്കും; അവസാനം അവന്റെ ആഗ്രഹങ്ങളെല്ലാം അവസാനിക്കും.

അപ്പോൾ അല്ലാഹു പറയും: 'നീ ഇന്നത് ആഗ്രഹിക്കുക; ഇന്നത് ആഗ്രഹിക്കുക.' അവന് അല്ലാഹു ഓർമ്മപ്പെടുത്തി കൊടുക്കും.

അല്ലാഹു പറയും: 'നിനക്ക് ആഗ്രഹിച്ചതെല്ലാമുണ്ട്. അതോടൊപ്പം അതിന് തുല്യമായതുമുണ്ട്.' ചില രിവായത്തുകളിൽ: 'അതിന്റെ പത്തിരട്ടിയും ഉണ്ട്.' എന്നാണുള്ളത്. [6]

അല്ലാഹുവിന്റെ മഹത്വവും കാരുണ്യവും വിശദമാക്കുന്ന ഈ സുദീർഘമായ ഹദീഥ് ഇവിടെ നൽകിയത് അവസാനം സ്വർഗത്തിൽ പ്രവേശിക്കുന്ന ആ വ്യക്തിയെ കുറിച്ച് ഓർമ്മിക്കാൻ മാത്രമല്ല. അയാളെ കുറിച്ചുള്ള നബി-ﷺ-യുടെ വിവരണം നമുക്ക് സമാധാനവും ശാന്തിയും മനസ്സിൽ നിറക്കുന്നുണ്ടെങ്കിൽ...

അയാളുടെ പിറകിൽ;

നരകത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെട്ട്;

കരിച്ചു കളയുന്ന അഗ്നിയിൽ വീണ്ടും ചുട്ടെരിക്കപ്പെട്ട്;

മരിച്ചിരുന്നെങ്കിൽ എന്ന ആഗ്രഹത്തിൽ മരിക്കാതെ;

കത്തിയെരിയുന്ന ചിലരുണ്ട്.

അവരൊരിക്കലും നരകത്തിന്റെ അഗ്നിയിൽ നിന്ന് മോചിതരാകില്ല.

സ്വർഗത്തിന്റെ അനുഭൂതികളൊന്നും അവർക്കില്ല.

സന്തോഷമെന്നത് അവരുടെ ജീവിതത്തിൽ ഇനിയില്ല.

ഭൂമിയിൽ അവർ നേതാക്കന്മാരായിരുന്നു. പേരും പ്രശസ്തിയും പണവും വണ്ണവുമുള്ളവരായിരുന്നു.

---

[6] ബുഖാരി: 806, മുസ്‌ലിം: 182.

ഇന്നവർ കറുത്തിരുണ്ടിരിക്കുന്നു.

അവരുടെ പണമോ സമ്പത്തോ അവർക്ക് ഉപകാരപ്പെട്ടില്ല.

അധികാരവും സ്വാധീനങ്ങളും അവരുടെ രക്ഷക്കെത്തിയില്ല.

വരിഞ്ഞു മുറുക്കുന്ന ചങ്ങലകളും, പഴുത്തു നാറുന്ന പാനീയങ്ങളുമല്ലാതെ അവർക്കില്ല.

അലമുറകളും നാശവാക്കുകളും വിലാപങ്ങളും മാത്രമേ അവിടെ കേൾക്കുന്നുള്ളൂ.

കെട്ടിട സമാനമായ തീപ്പൊരികൾ അവരെ വീണ്ടും വീണ്ടും മറിച്ചിട്ടു കൊണ്ടിരിക്കുന്നു.

അവർ ആരാണ്?

അവരാണ് ശിർക്ക് ചെയ്തവർ.

അല്ലാഹുവല്ലാത്തവർക്ക് ഇബാദത്തുകൾ സമർപ്പിച്ചവർ.

നബി-ﷺ-യെ വിളിച്ചു പ്രാർഥിച്ചവർ.

മുഹയുദ്ധീൻ ശൈഖിനോട് സഹായം അർത്ഥിച്ചവർ.

ബദ്‌രീങ്ങളുടെ മേൽ ഭരമേൽപ്പിച്ചവർ.

ഉഹ്ദീങ്ങളെ അല്ലാഹുവിന്റെ സ്ഥാനത്തേക്കുയർത്തിയവർ.

ഊരും -ചിലപ്പോൾ പേരും- ഇല്ലാത്ത ഭ്രാന്തന്മാരെ ഔലിയാക്കളാക്കി അവരുടെ ഖബറിടങ്ങൾക്കു ചുറ്റും ഭജനമിരുന്നവർ.

വിഗ്രഹങ്ങളെ വിളിച്ചാരാധിച്ചവർ.

മരങ്ങൾക്കും കല്ലുകൾക്കും തങ്ങളെ സഹായിക്കാനും ഉപദ്രവിക്കാനും കഴിവുണ്ടെന്ന് വിശ്വസിച്ചവർ.

ഇസ്ലാം സ്വീകരിക്കാത്തവർ -ഹൃദയത്തിലും നാക്കിലും

പ്രവൃത്തിയിലും ദീൻ ഒരുമിക്കാത്തവർ–.

അടുത്ത നിമിഷം നീ ചിലപ്പോൾ മരിച്ചേക്കാം.

വൈകേണ്ട!

അതിന് മുൻപ് തൗഹീദ് സ്വീകരിക്കുക.

ശിർക്കിൽ നിന്ന് രക്ഷപ്പെടുക.

നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക് കാലെടുത്തു വെക്കുക!

അല്ലാഹു നിന്നെയും എന്നെയും നരകത്തിൽ നിന്ന് രക്ഷിക്കട്ടെ.

وَكَانَ الفَرَاغُ مِنْ كِتَابَةِ هَذِهِ الرِّسَالَةِ المُشْتَمِلَةِ عَلَى بَيَانِ الشِّرْكِ وَخُطُورَتِهِ وَتَفْسِيرِ آيَةٍ عَظِيمَةٍ مِنْ سُورَةِ سَبَأ وَتَرْجُمَةِ حَدِيثَيْنِ عَظِيمَيْنِ لِابْنِ مَسْعُودٍ وَأَبِي هُرَيْرَةَ فِي آخِرِ مَنْ يَدْخُلُ الجَنَّةَ صَبَاحَ الأَرْبِعَاءِ، المُوَافِقُ لِلثَّانِي وَعِشْرِينَ مِنْ شَهْرِ رَبِيعٍ الثَّانِي مِنْ عَامِ ١٤٣٧ هـ.

وَصَلَّى اللَّهُ وَسَلَّمَ وَبَارَكَ عَلَى نَبِيِّنَا مُحَمَّدٍ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ.

كَتَبَهُ: أَبُو تُرَاب عَبْدُ المُحْسِن بْنُ سَيِّد عَلِيّ عَيْدِيد

-غَفَرَ اللَّهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ-